# 2 നിലാവുപെയ്യുന്ന നാട്ടുവഴികൾ

**പാഠഭാഗം : കൊച്ചുചക്കരച്ചി - എ.പി. ഉദയഭാനു (ഉപന്യാസം)**

**നാടായാലും കാടായാലും**
**കുഴിയായാലും കുന്നായാലും**
**നല്ലവർ പാർക്കുന്നെങ്കിൽ**
**നീയും നന്നേ വാഴുക നിലമേ**

**നാടാ കൊൻറോ കാടാ കൊൻറോ**
**അവലാകെന്റോ മിചൈയാകൊൻറോ**
**എവ്വഴി നല്ലവരാടവർ**
**അവ്വഴി നല്ലൈ വാഴിയ നിലനേ**
**-പുറനാനൂറ്/ഔവ്വയാർ**

- ❖ നല്ല ചുറ്റുപാട്, പ്രകൃതി സൗന്ദര്യം, സ്നേഹമുള്ള മനുഷ്യർ
- ❖ നല്ല നാട്ടുകാരാണ് നാടിനെ നല്ലതാക്കുന്നത്.
- ❖ മനുഷ്യരുടെ മോശമായ പ്രവർത്തനങ്ങൾ നാടിനെ മോശമാക്കുന്നു.
- ➢ പ്രകൃതിയോടിണങ്ങി ജീവിതം തളിർത്തുനിന്ന ഒരു ഗ്രാമീണാന്തരീക്ഷം കേരളത്തിൽ ഉണ്ടായിരുന്നു.
- ➢ നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറങ്ങളിൽ മനുഷ്യരും അവർ വളർത്തുന്ന ജീവജാലങ്ങളും, സസ്യലതാദികളും ഒരുമിച്ചു കഴിഞ്ഞു.
- ➢ ഫലവൃക്ഷങ്ങൾ നിറഞ്ഞ പറമ്പുകളും സ്നേഹബന്ധങ്ങൾ തഴച്ചുവളർന്ന അയൽപക്കങ്ങളും അവിടെ ഉണ്ടായിരുന്നു.
- ➢ അന്ന് ഓണവും വിഷുവും തിരുവാതിരയും ഒക്കെത്തന്നെ പ്രകൃതിയുടെ സർഗതാളങ്ങളുടെ ജീവിതാവിഷ്ക്കാരമായി ആഘോഷിക്കപ്പെട്ടു. ഇവയെല്ലാം ജനജീവിതത്തെ ആകമാനം, വിശേഷിച്ച് കേരളീയ ബാല്യത്തെ സ്വാധീനിക്കുകയും അർഥവത്തായ മാനുഷികബന്ധങ്ങൾ രൂപപ്പെടുത്താൻ സഹായിക്കുകയും ചെയ്തിരുന്നു.
- ➢ ഗൃഹാതുരത്വമുണർത്തുന്ന ആ നാട്ടിൻപുറ കാഴ്ചകളിലേക്കും ജീവിതാനുഭവങ്ങളിലേക്കുമുള്ള ഒരു തിരിഞ്ഞുനോട്ടമാണ് "നിലാവുപെയ്യുന്ന നാട്ടുവഴികൾ".

**കൊച്ചുചക്കരച്ചി :- ഏ.പി. ഉദയഭാനു - ഉപന്യാസം (പ്രധാനാശയങ്ങൾ)**

- ➢ മനുഷ്യനും മരങ്ങളും തമ്മിലുള്ള ബന്ധം അനേകം കൃതികളിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു.
- ➢ കഴിഞ്ഞ തലമുറകളിൽ പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ വസിച്ചിരുന്ന മിക്കവർക്കും അനുഭവിക്കാൻ കഴിഞ്ഞിട്ടുള്ള സൗഭാഗ്യങ്ങളിലൊന്നാണ് സമപ്രായക്കാരുമൊത്ത് മാഞ്ചോടുകളിലെ ഒത്തുചേരൽ.
- ➢ മാമ്പഴത്തിന്റെ ഭിന്നമായ സ്വാദ് ആസ്വദിക്കാൻ (മാമ്പഴക്കാലം) വിവിധ കളികളിൽ ഏർപ്പെടൽ ഈ ഒത്തുചേരലിന്റെ സൗന്ദര്യാനുഭവമാണ്.

**മധുരിക്കും ഓർമകളെ**
**മലർമഞ്ചൽ കൊണ്ടുവരൂ**
**കൊണ്ടുപോകൂ ഞങ്ങളെയാ-**
**മാഞ്ചുവട്ടിൽ... മാഞ്ചുവട്ടിൽ...**
എന്ന് പാടിപ്പോകുന്നത്

✓ മാമ്പഴം (വൈലോപ്പിള്ളി)
✓ തേന്മാവ് (വൈക്കം മുഹമ്മദ് ബഷീർ)
✓ മാമ്പഴം (പി.പി. രാമചന്ദ്രൻ)

- ➢ ഇത്തരം ഓർമകളുടെ ഒരു പങ്കുവെയ്ക്കലാണ് കൊച്ചുചക്കരച്ചി. ഒപ്പം മരം മനുഷ്യന്റെ വിശ്വസ്തനായ സഹജീവിയാണ് എന്ന വിശ്വാസത്തിന്റെ ഉറപ്പിക്കലുമാണ്.
- ➢ എല്ലാം വെട്ടിവെളുപ്പിക്കുന്ന ഇക്കാലത്ത് മനുഷ്യർ ജീവജാലങ്ങളോട് കാട്ടുന്ന ക്രൂരത ഓർക്കാനും ഈ പാഠഭാഗം ഉപകരിക്കുന്നു.
- ➢ ഏ.പി. ഉദയഭാനുവിന്റെ തറവാട്ടുവീടായ മുല്ലശ്ശേരി പറമ്പിലുണ്ടായിരുന്ന നാട്ടുമാവുകളിലൊന്നായ

കൊച്ചുച്ചക്കരച്ചിയുടെ പ്രത്യേകതകളും അതിന്റെ ചോട്ടിൽ ഒത്തുചേർന്നിരുന്ന ബാല്യങ്ങളുടെ കളികളുമാണ് ആർദ്രമധുരമായി വിവരിക്കുന്നത്.

- അതോടൊപ്പം മാവിനോടും അതിന്റെ പൂക്കളോടുമൊക്കെ കവികൾക്കുള്ള പ്രത്യേകാഭിനിവേശവും ആവിഷ്ക്കരിക്കുന്നു.
- പ്രകൃതിരമണീയമായ കാഴ്ചകളും മറ്റനുഭവങ്ങളും മനോഹരമായ സാഹിത്യാവിഷ്ക്കാരങ്ങളായി മാറുന്നതു കാണാം.
- **ലേഖകനും കൊച്ചുച്ചക്കരച്ചിയും അമ്മയുമാണ്** ഇതിലെ പ്രധാന കഥാപാത്രങ്ങൾ.

**പ്രധാനാശയങ്ങൾ**

- വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ചു വൃക്ഷമായത് മാവുതന്നെയാണ്.
- ഉണ്ണിമാങ്ങാപ്പരുവം മുതൽ മാവിൻചുവട്ടിലെ സദ്യ ആരംഭിക്കുകയായി.
- തിരിഞ്ഞുനോക്കുമ്പോൾ എത്രയെത്ര മാവുകളാണ് എന്റെ ഓർമയിൽ വന്നു നിരന്നുനിൽക്കുന്നത്.
- ആകാശം ഉരുമ്മി ഒരു മാവുനിൽക്കുന്നു. അതിനെ കുരുടിച്ചി എന്നാണ് വിളിക്കുന്നത് മാങ്ങകളുടെ വലുപ്പം, രുചി, ആകൃതി എന്നിവ വെച്ച് മാവുകൾക്ക് പേരിടുന്ന രീതി ശർക്കരമാവ്, പുളിച്ചി, കോഴിക്കോടൻ, വെണ്ണീരൻ.
- പത്തുനാൽപ്പത്തഞ്ചു കൊല്ലങ്ങൾക്കപ്പുറത്തു നിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്ത് വന്നു നിറയുന്നു - അവധിക്കാലം - ബാല്യകാല ഓർമകൾ - മാമ്പഴക്കാലം - കളികൾ.
- ഇന്നു മാങ്ങമരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ അപരിഷ്കൃതമട്ടുകൾ (മാഞ്ചോട്ടിൽ നടന്നിരുന്ന നിഷ്കളങ്കമായ വിവിധ കളികൾ) അവർ അറിയാനിടയില്ല - മാങ്ങാമരം-Mango tree - പരിഷ്ക്കാരത്തിന്റെ വഴിയിൽ നാട്ടുനന്മകൾ വറ്റിപ്പോയത്- ഇംഗ്ലീഷ് വിദ്യാഭ്യാസ(മാതൃഭാഷയെ അവഗണിച്ച്)ത്തോടുള്ള മലയാളിയുടെ അമിതാവേശവും സൂചിപ്പിക്കുന്നു.
- കവികളും - മാവുകളെ സ്നേഹിച്ച കാലം.
- നാട്ടിൻപുറത്തെ മാഞ്ചോട്ടിലെ വിവിധ കൊതിയ സമാജത്തിൽ അംഗങ്ങളായ കവികൾ (മാമ്പഴം-വൈലോപ്പിള്ളി, തേന്മാവ്-ബഷീർ, മാമ്പഴം-പി.പി. രാമചന്ദ്രൻ) സൗഹൃദാന്തരീക്ഷത്തിൽ സാംശീകരിച്ച അനുഭവങ്ങൾ മികച്ച സാഹിത്യരചനകൾക്ക് ഹേതുവായി.
- കാമദേവൻ ചൂതസായകനാവുമ്പോൾ അങ്ങനയല്ലേ വരൂ - ചൂതസായകൻ കാമദേവനാണ്. മാമ്പൂവ് അസ്ത്രമായിട്ടുള്ളവൻ. കാമദേവന്റെ അമ്പുകൾ - അഞ്ച് പുഷ്പങ്ങൾ. അതിലൊന്ന് ചൂതം(മാമ്പൂവ്) (അശോകം, അരവിന്ദം, നീലോല്പലം, നവമാലിക, ചൂതം-കാമദേവന്റെ അഞ്ച് അമ്പുകൾ/ അസ്ത്രങ്ങൾ).
- പൂത്തിരി കത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ വൈലോപ്പിള്ളി (മാമ്പഴം സൂചന).
- അങ്ങനെ വന്നുചേർന്ന ഏകാന്തത വൃക്ഷലതാദികളോടുള്ള കൂട്ടുകെട്ടിന് കൂടുതൽ പ്രേരകമായി - (ഉദയഭാനു അമ്മയോടൊപ്പം തറവാട്ടുവീട്ടിൽ താമസമാക്കി - ഒറ്റക്ക് കഴിയുന്നത് ഓർക്കുന്നു).
- വേണ്ടപ്പെട്ടവർ ആരൊക്കെയോ ചേർന്ന് ആ അത്യാഹിതം തടഞ്ഞു - കൊച്ചുച്ചക്കരച്ചിയെ വെട്ടിനീക്കുന്നത് അത്യാഹിതമായി കാണുന്നു - പ്രകൃതി, വൃക്ഷലതാദികളോട് പഴമക്കാർക്ക് ഉണ്ടായിരുന്ന സ്നേഹം വെളിവാക്കുന്നു.
- നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.
- എന്നാൽ സ്വയം ചത്തും മാവിനെ കാത്തുരക്ഷിച്ചു പോന്ന നീറുകൾ (പുളിയനുറുമ്പുകൾ) എന്ന ചാവേറ്റുപട കൊച്ചുച്ചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെ എല്ലാം തോൽപിച്ച് ഓടിച്ചുകളഞ്ഞു.
- ജീവജാലങ്ങൾ പ്രകൃതി സംരക്ഷണത്തിൽ വഹിക്കുന്ന പങ്ക്.

**ചാവേർപട:–** ആത്മാഹുതി ചെയ്തും നാടിനെ സംരക്ഷിക്കുന്നവർ.

- യുദ്ധകാലമായതോടെ മാവുകൾക്ക് വിലകൂടി. അവരെയും പട്ടാളത്തിൽ ചേർത്തിരിക്കുന്നു എന്നാണ് തോന്നുന്നത് – യുദ്ധത്തിൽ ഉണ്ടാകുന്ന മരണം. യുദ്ധത്തെ തുടർന്നുണ്ടാകുന്ന ക്ഷാമവും ദാരിദ്ര്യവും – വളപ്പിലെ വലിയ മരങ്ങൾ വിറ്റ് ഉപജീവനം കഴിക്കേണ്ട സാഹചര്യം, പട്ടാളത്തിൽ ചേരുന്നത് പണത്തിനും മെച്ചപ്പെട്ട ജീവിതാവസ്ഥയ്ക്കും വേണ്ടി – (യുദ്ധത്തിൽ മരിക്കുന്നവരുടെ മൃതദേഹം ദഹിപ്പിക്കാൻ തറവാടുകളിലെ മാവ് ഉപയോഗിച്ചതും സൂചന) – ബഷീർ കഥാപാത്രം ഞാൻ പട്ടാളത്തിൽ പോകും എന്ന് പറയുന്നതും ഓർക്കുക).
- യുക്തി ഉള്ളിടത്തല്ലേ യുക്തിവാദം ഫലിക്കൂ. ഇവിടെ ഭക്തിയും വിശ്വാസവുമാണ്.
- കൊച്ചുച്ചക്കരച്ചി വീഴില്ല. വീണാലും അവൾ ആപത്തു വരുത്തുകയില്ല എന്ന ഉറച്ച നിലപാടായിരുന്നു അമ്മയ്ക്ക് – പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പരസ്പരാശ്രിതത്വം.
- എത്ര പറഞ്ഞാലും കാറ്റും മഴയും വന്നാൽ അമ്മ ആ അപകടസ്ഥാനത്തു ചെന്നിരുന്നതുതന്നെ – അമ്മയുടെ  വിശ്വാസം – പഴമക്കാർക്ക് വൃക്ഷങ്ങളോടുള്ള അരുമത്വം, പ്രകൃതിയിലുള്ള വിശ്വാസം.
- കർക്കടമാസത്തിൽ കറുത്തവാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പു കൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെക്കൊണ്ട് നക്ഷത്രനിബിഢമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തേയും വേദനയേയും ഉൽക്കടമാക്കിത്തീർത്തു. (ഗദ്യഭാഷയുടെ കാവ്യാത്മകത – പ്രകൃതിയിൽ മനുഷ്യഭാവം).
- തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഢവും ശ്യാമളവുമായ തലമുടിയിൽ കൂടി വിരലോടിച്ചുപോവക മാത്രം ചെയ്തു. തള്ളി ഇട്ടില്ല (ഗദ്യഭാഷയുടെ കാവ്യാത്മകത – പ്രകൃതിയിൽ മനുഷ്യഭാവം) ഭാഷ, ലാളിത്യം.
- അകാലത്തുള്ള ആ കാറ്റും മഴയും കൊച്ചുച്ചക്കരച്ചിയുടെ ആത്മാവിനെ കൂട്ടിക്കൊണ്ടുപോകാൻ പ്രത്യേകം നിയുക്തമായവയായിരുന്നു.
- കൊച്ചുച്ചക്കരച്ചി നേരുള്ള മാവാണ്. അവൾ ദോഷം വരുത്തുകയില്ല എന്ന അമ്മയുടെ വിശ്വാസം ജയിച്ചു.
- അവിടെ കിളിച്ചുപൊന്തിയ മാവിൻതയ്യിനെ കൊച്ചുച്ചക്കരച്ചിയുടെ മകൾ എന്ന നിലയൽ അമ്മ വാത്സല്യത്തോടെ വളർത്തി. ഈയാണ്ടിൽ അതു കായ്ച്ചു. അവൾ പുളിച്ചിയാണ്. (പുളിച്ചിയാണ് എന്ന പ്രയോഗം ശ്രദ്ധേയമാണ്. പരസ്പര സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വഴിയിൽ നിന്ന് അകന്ന് നന്മ അന്യമാകുന്ന നാട്ടുവഴികളെ കുറിച്ചുള്ള ധ്വനി. പരസ്പരം കുറ്റം പറഞ്ഞും ഉപദ്രവങ്ങൾ ഉണ്ടാക്കിയും നടക്കുന്നവരെ നാട്ടിൻപുറങ്ങളിൽ അവൻ/അവൾ ഒരു പുളിച്ചിയാണ് എന്ന പ്രയോഗം ഉപയോഗിക്കാറുണ്ട്. അതോർക്കുക).

**കൊച്ചുചക്കരച്ചിയും മാനുഷിക ഭാവവും**

- കഥയിലെ ഒരു പ്രധാന കഥാപാത്രമാണ് അവൾ എന്നു വിശേഷിപ്പിക്കുന്ന കൊച്ചുചക്കരച്ചി.
- ഓർമകളിൽ നിന്ന് നിരന്നു നിൽക്കുന്ന മാവുകൾ.
- പലപല മാവുകൾ അവരുടെ പ്രത്യേക സ്വഭാവവുമായി ഓടി എത്തുന്നു.
- ഭുവന വിദിതമായ മാവിന്റെ വംശത്തിലാണ് ഞങ്ങളുടെ കൊച്ചു ചക്കരച്ചി വന്നു പിറന്നത്.
- തറവാട്ടിൽ മാവുകൾ പലതുണ്ടായിരുന്നെങ്കിലും കുലശ്രേഷ്ഠകൾ ആയി എണ്ണിയത് രണ്ടെണ്ണത്തിനെയായിരുന്നു.
- മൂത്തവൾ വലിയചക്കരച്ചി.
- അധീശ്വരിയെപോലെ നിന്നിരുന്ന കൊച്ചുചക്കരച്ചി.
- എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽചുട്ടിലിരുന്ന് മധുരം തിന്ന് വളർന്ന് വൃദ്ധരായി.

- നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.
- യുദ്ധകാലമായതോടെ മാവുകൾക്ക് വിലകൂടി. അവരേയും പട്ടാളത്തിൽ ചേർത്തിരുന്നു.
- രോഗഹേതു എന്തുമാട്ടെ, മാരകമായ രോഗം പിടിപെട്ടു.
- തന്റെ ഗൗരവം വിടാതെ അർധവൃത്താകൃതിയിൽ ലേശം ഒന്നു തിരിഞ്ഞു നൃത്തംവെക്കുകയും ഒക്കെ ചെയ്യുന്നത്.
- തറവാടിന്റെ ആ ചിരബന്ധുവിന്റെ ഗുണങ്ങൾ.
- മുത്തശ്ശിയുടെ നിബിഢവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ചു പോവുക.
- കൊട്ടുചക്കരച്ചിയുടെ ആത്മാവിനെ കൂട്ടികൊണ്ടുപോകാൻ പ്രത്യേകം നിയുക്തമായ കാറ്റും മഴയും.
- കൊച്ചുചക്കരച്ചിയുടെ മകൾ എന്ന നിലയിൽ വാത്സല്യത്തോടെ വളർത്തി.
- അവൾ പുളിച്ചിയാണ്.

**മാഞ്ചോട്ടിലെ കളികൾ**

❖ **അണ്ണാൻ പിറന്നാൽ:–**ചുള്ളിക്കമ്പുകൾ വിറകാക്കി ഉയർത്തിയ ഹോമാഗ്നി(ഹോമകുണ്ഡം- സൂചന- ചതുരാകൃതിയിൽ ഇഷ്ടികകൾ ചേർത്തുവെച്ച് ഹോമത്തിനുവേണ്ടി തയ്യാറാക്കുന്നത്)യിൽ മാങ്ങാനീര് ഹവിസ്സാക്കി (ഉണക്കലരിച്ചോറ് നെയ്യുമായി കൂട്ടിക്കുഴച്ച് ഹോമകുണ്ഡത്തിൽ മന്ത്രോച്ചാരണത്തോടെ അർപ്പിക്കുന്നതിന് തയ്യാറാക്കുന്ന ദ്രവ്യം) ചുള്ളിക്കമ്പുകൾ ചതുരത്തിൽ ഒന്നിനുമുകളിൽ ഒന്നായ് അടുക്കിവെച്ച് അതിൽ കരിയിലകൾ ഇട്ട് കത്തിക്കുന്നു. അതിലേക്ക് പഴുത്ത മാങ്ങാനീര് തുള്ളി തുള്ളിയായ് വീഴ്ത്തുന്നു. മാങ്ങ വീഴ്ത്തിത്തരുന്ന അണ്ണാറക്കണ്ണന്റെ പിറന്നാൾ ആഘോഷിക്കുന്നതാണീ കളി. ഈ ഹോമപ്പുക ഉയരുമ്പോൾ മാവ് കൂടുതൽ മാങ്ങപൊഴിക്കുമെന്ന് കുട്ടികൾ വിശ്വസിച്ചിരുന്നു. ഓണാട്ടുകര ദേശത്താണ് ഇത് കൂടുതലായി പ്രചാരത്തിലുണ്ടായിരുന്നത്.

❖ **ഉണ്ണിയിടൽ:–** മാഞ്ചോട്ടിലെ മറ്റൊരു കളി. ഒത്തുകൂടുന്ന കുട്ടികൾ വീണുകിടക്കുന്ന പഴുത്തമാങ്ങയുടെ ഞെട്ടി നുള്ളിയെടുത്ത് മാവിനെനോക്കി വിരലുകൾകൊണ്ട് തെറിപ്പിക്കുന്നു. എറിയുമ്പോൾ കൊച്ചുണ്ണിപോയിട്ട് വല്യുണ്ണിവായോ എന്ന് ഉറക്കെ വിളിച്ചു പറയും. അപ്പോൾ വീഴുന്ന മാങ്ങയുടെ അവകാശം ഉണ്ണിയിടുന്ന ആൾക്കാരാണ്.

❖ **ഒരു കാറ്റടിച്ചപ്പോൾ**
**ഒരു മാങ്ങ വീണപ്പോൾ**
**അഞ്ചാറു പിള്ളേർ ചേർന്ന്**
**ഉന്തായി തള്ളായി**

ചക്കരമാമ്പഴം ചപ്ലി പിളിയായി – ഇത്തരത്തിലുള്ള പിടിലികൾ ഒഴിവാക്കാൻ മാഞ്ചോട്ടിലെ കളികൾ സഹായിച്ചിട്ടുണ്ട്.

❖ **ഈ ചെന എടുത്തോണ്ട് മറുചെന മാമ്പഴം പാപ്പിക്കു താ**

അപ്പോൾ കാറ്റടിച്ചു ആ വരിക്ക മാവിന്റെ മാനത്തുമുട്ടുന്ന കൊമ്പുകളിൽ പെട്ടിക്കുലകൾ കിടക്കുന്നു. ഒരു മാമ്പഴം വീണു. അതു ബാലകൃഷ്ണന് കിട്ടി. മാമ്പഴത്തിന്റെ ഞെട്ട് നുള്ളി മുളിലേക്ക് എറിഞ്ഞ് കൊണ്ട് അവൻ പറഞ്ഞു. ഈ ചെന എടുത്തോണ്ട് മറുചെന മാമ്പഴം പാപ്പിക്കു താ ബാലൻ ഒപ്പിച്ച കുസൃതിക്ക് പ്രായശ്ചിത്തമായാണ് അവൻ മാമ്പഴം പാപ്പിക്കുകൊടുക്കാൻ മാവിനോട് പറഞ്ഞത്. മറുചെന മാമ്പഴം അവൾക്കു കിട്ടുകയും ചെയ്തു. ബാലനും പാപ്പിയും അയൽക്കാരാണ്. അവന്റെ വീടിനു തൊട്ടു പടിഞ്ഞാറേത് അവളുടെ വീടാണ്- മാഞ്ചോട്ടിലെ സൗഹൃദങ്ങൾ – **മാഞ്ചുവട്ടിൽ, തകഴി ശിവശങ്കരപിള്ള**

❖ **ഇക്കാറ്റും കാറ്റല്ല മറുകാറ്റും കാറ്റല്ല- മാവേലി കുന്നത്തെ പൂവാലൻ കാറ്റേ ഓടിവാ–**

മാവിൻ ചുവട്ടിൽ കുട്ടികൾ വായുഭഗവാനെ ആവാഹിക്കാൻ കളിച്ചിരുന്ന കളിയാണിത്. ഇങ്ങനെ പറയുമ്പോൾ വിമനസ്സായി നിൽക്കുന്ന മാവിന്റെ ശാഖകളെ ഉലച്ച് കാറ്റ് മാങ്ങ പൊഴിച്ചുതരുമെന്ന് കുട്ടികൾ കരുതിയിരുന്നു.

❖ **അണ്ണാൻ കുഞ്ഞൂഞ്ഞേ, കാക്ക കഴുവേറീ**

അണ്ണാൻ വന്ന് മാങ്ങക്കുലയിൽ ഇരുന്ന് മാമ്പഴം തിന്നുമ്പോൾ ഇടക്കിടയ്ക്ക് മാമ്പഴം പൊഴിഞ്ഞ് വീഴും. അപ്പോൾ അണ്ണാൻ കുഞ്ഞൂഞ്ഞ് അവർക്ക് ഇഷ്ടക്കാരനാവുന്നു. കാക്ക വന്ന് മാമ്പഴം കൊത്തുമ്പോഴും പ്രതീക്ഷയോടെയാണ് കുട്ടികൾ കാത്തിരിക്കുക. കാത്തിരുന്ന് മുഷിയുമ്പോൾ കാക്ക കഴുവേറിയാകുന്നു. അണ്ണാനെ ഇണക്കിയും കാക്കയെ പിണക്കിയും മാങ്ങ കൊത്തി ഇടുവിക്കും. അണ്ണാനും കിളികളും കൊത്തിയിടുന്ന മാമ്പഴം പെറുക്കിയെടുത്ത് കടിച്ച ഭാഗം പിച്ചാത്തികൊണ്ട് ചെത്തിക്കളഞ്ഞ് മാങ്ങയുടെ അപ്പപ്പൂളിനും, ചെന്നിപ്പൂളിനും വേണ്ടിയുള്ള മാഞ്ചോട്ടിലെ കളിത്തിരക്കുകൾ – ഇന്ന് കുട്ടികൾക്ക് അന്യമായി.

❖ **ഏറു മത്സരം :–** സൂത്രം നോക്കി എറിയൽ, വലിയ മാവിന്റെ ചുവട്ടിൽ മാമ്പഴക്കാലത്തെ പ്രധാന വിനോദമായിരുന്നു സൂത്രം നോക്കി എറിയൽ. കല്ലുകൾ ശേഖരിച്ച് മാമ്പഴക്കുല നോക്കി എറിയുന്നതാണ് പണി. കിട്ടുന്ന മാമ്പഴവും തടിമരത്തിന്റെ വേരിനോടു ചേർന്ന പൊത്തുകളിൽ ഒരുമിച്ച് ചേർത്തുവെക്കും ഉച്ചയാവുന്നതോടെ കിട്ടിയ മാമ്പഴങ്ങൾ വട്ടയിലയിലോ തേക്കിന്റെ ഇലയിലോ പൊതിഞ്ഞ് ആർപ്പും വിളിയുമായി വീടുകളിലേക്കുള്ള മടക്കം.

❖ **പമ്മിയിരുന്ന് കല്ലേറിയൽ:–** മാമ്പഴത്തിനായി കാത്തിരിക്കുന്നവരുടെ ഇടയിലേക്ക് ഒളിഞ്ഞിരുന്ന് കല്ലോ, കേടുവന്ന മാങ്ങയോ വലിച്ചെറിഞ്ഞ് കൂട്ടുകാരെ പറ്റിക്കുന്നതാണിത് മാങ്ങയാണെന്ന് കരുതി എല്ലാവരും ഓടിയെത്തുമ്പോഴാണ് ഉരുളൻ കല്ലോ, ചീത്തമാങ്ങയോ ആണ് കാണുക സ്വയം ഇളിഭ്യരായിരിക്കുന്നവരുടെ മുമ്പിലേക്ക് പറ്റിച്ചവൻ പ്രത്യക്ഷപ്പെടുമ്പോൾ– മാഞ്ചോട്ടിലെ "പൂര"മായിരിക്കും.

❖ **മാങ്ങ അണ്ടിക്ക് കൂട്ടുപോകുക:–** മധുര മാമ്പഴത്തിന്റെ നീര് ഊറ്റികുടിച്ച്, അവസാനം മാങ്ങയണ്ടി മാത്രം ബാക്കിയാകും. കൂട്ടുകാരിൽ ഒരാളുടെ പേര് വിളിക്കുന്നു. വിളികേട്ടയാളോട് മാങ്ങയണ്ടിക്ക് കൂട്ടുപോകാൻ പറഞ്ഞ് അണ്ടി ദൂരേയ്ക്ക് വലിച്ചെറിയുന്നു. വിളികേട്ടവൻ പരുങ്ങുന്നു / ചമ്മുന്നു.

❖ **ആനയോ കുതിരയോ:–** പച്ചമാങ്ങ, കറുമുറെ തിന്നുന്ന പ്രായത്തിൽ അതിനകത്തെ മാങ്ങയണ്ടി കൂടം കെട്ടിയിട്ടുണ്ടാകില്ല. ഇളം പ്രായത്തിലെ അണ്ടി ചൂണ്ടുവിരലിനും തള്ളവിരലിനും ഇടയിൽ പിടിച്ച് മേൽപ്പോട്ട് ശക്തിയായി ഞെക്കിവിടുന്നു. മാങ്ങയണ്ടി ഉയരത്തിൽ കുതിച്ച് ചാടിയാൽ കുതിര, അല്ലെങ്കിൽ ആന.

മാങ്ങാമരം (Mango Tree) അടിച്ചുവിടുന്ന തീക്ഷ്ണമായ ഉഷ്ണക്കാറ്റിൽ കരിഞ്ഞുവീഴുന്ന ബാല്യ കൗമാരങ്ങൾ മാംഗോഫ്രൂട്ടിയിൽ (Mango Frooti) അഭയം തേടുന്നു.

മാമ്പഴക്കാലം തീർത്ത പ്രകൃതിസൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും പാഠങ്ങൾ യുവതലമുറയ്ക്ക് ഇന്ന് അന്യമാവുകയാണ്. നിലാവുപെയ്യുന്ന നാട്ടുവഴിയിൽ വേനൽച്ചൂടിന്റെ മാധുര്യം വേണ്ടുവോളം പൊഴിച്ചിടുന്ന ഹൃദ്യമായ ആവിഷ്ക്കാരമായി കൊച്ചുച്ചക്കരച്ചി മാറുന്നു.




തയ്യാറാക്കിയത്,

**സുരേഷ് അരീക്കോട്**

എച്ച്.എസ്.ടി മലയാളം

ഗവ: എച്ച്.എസ്.എസ് അരീക്കോട്

ഇമെയിൽ: sbtckr@gmail.com

ഫോൺ: 9562521509

# പത്താം ക്ലാസ് – അടിസ്ഥാന പാഠാവലി

# ഓണമുറ്റത്ത് – വൈലോപ്പിള്ളി



***വൈലോപ്പിള്ളി ശ്രീധരമേനോൻ:*** *ജീവിത യാഥാർത്ഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുന്ന കവിതകളെഴുതി ശ്രദ്ധേയനായ മലയാള സാഹിത്യകാരനായിരുന്ന വൈലോപ്പിള്ളി ശ്രീധരമേനോൻ.*

**ഏറണാകുളത്തെ കലൂരിൽ ജനിച്ചു.''*കാച്ചിക്കുറുക്കിയ കവിത* ''എന്ന് അദ്ദേഹത്തിന്റെ രചനകൾ വിശേഷിപ്പിക്കപ്പെടുന്നു. അധ്യാപകനായിരുന്നു. കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, സോവിയറ്റ്ലാന്റ് നെഹ്റുഅവാർഡ്,ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.**

***കൃതികൾ:*** **കന്നിക്കൊയ്ത്ത് ,ശ്രീരേഖ, കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ കുന്നിമണികൾ, വിത്തും കൈക്കോട്ടും, കടൽകാക്കകൾ, കയ്പവല്ലരി, വിട, മകരക്കൊയ്ത്ത് ,മിന്നാമിന്നി, പച്ചക്കുതിര, കുട്ടിക്കവിതകൾ, മുകളമാല, കുരുവികൾ (കവിതാ സമാഹാരങ്ങൾ) മൃതസഞ്ജീവനി (കാവ്യ നാടകം ), ഋശ്യശൃംഗനും അലക്സാണ്ടറും (നാടകം) കാവ്യലോക സ്മരണകൾ (ആത്മകഥ ) ജീവിത യാഥാർത്ഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുന്ന കവിതകളെഴുതി ശ്രദ്ധേയനായ മലയാള സാഹിത്യകാരനായിരുന്ന വൈലോപ്പിള്ളി ശ്രീധരമേനോൻ.**

- ജീവിതത്തിന്റെ കടലിനെ മഷിപ്പാത്രമാക്കി മലയാള കവിതയിൽ ഉജ്ജ്വല മുഹൂർത്തങ്ങൾ തീർത്ത വൈലോപ്പിള്ളി ശ്രീധരമേനോന്റെ “വിട"എന്ന കാവ്യസമാഹാരത്തിലെ  കവിതയാണ് ഓണമുറ്റത്ത്. ഗ്രാമവും ഗ്രാമീണതയും കാർഷിക സംസ്കൃതിയും അദ്ദേഹത്തിന്റെ കവിതകളിലെ നിറസാന്നിദ്ധ്യമാണ്.

- ആതിര രാവിനെപ്പറ്റിയും കൊന്നപ്പൂങ്കുല വാരിച്ചാർത്തി സുന്ദരസ്മിതം തൂകി നിൽക്കുന്ന വിഷുപ്പുലരിയെപ്പറ്റിയും മലയാളിയുടെ മനസ്സിലെ മധുരോദാരവികാരമായ ഓണത്തെപ്പറ്റിയും പാടി മതിവരാത്ത കവിയാണ് വൈലോപ്പിള്ളി.
- മലയാളിയുടെ ദേശീയോത്സവമാണ് തിരുവോണം. പൊന്നിൻ ചിങ്ങത്തിന്റെ സൗന്ദര്യം മുഴുവൻ ആവാഹിക്കാൻ മലയാളികൾ ഓണക്കാലത്തു ശ്രദ്ധിക്കുന്നു.
- ഐതിഹ്യവും ആഘോഷവും കൂടിക്കലർന്ന തിരുവോണത്തെ 'ഓണമുറ്റത്ത്' എന്ന കവിതയിലൂടെ ആവിഷ്കരിക്കുന്നു.
- ഈ മലനാട്ടിൽ വായുവിൽ മധുരവും ഉദാരവു(മഹത്വം)മായ ഒരു വികാരം അലയടിക്കുന്നു. മഞ്ഞിനാൽ ഈറനുടുത്തൊരു പാവനഭാവമാണത്.
- *തുമ്പകൾ* : മഴക്കൊണ്ടാലും മേടുകൾ തോറും പാവം തുമ്പകൾ പൂക്കുട നിറച്ച് വിറച്ചുനിൽക്കുന്നു. **(വാങ്മയചിത്രം- പ്രകൃതിയിൽ മനുഷ്യഭാവം)**
- *മുക്കുറ്റികൾ* :തിരികൾ തെറുത്ത് കൊളുത്താൻ യോജിച്ച മുഹൂർത്തം നോക്കി, കുഴഞ്ഞ് മടങ്ങിയ കൈവിരലോടെ മുക്കുറ്റികൾ ദീപക്കുറ്റികൾ നാട്ടിനിൽക്കുന്നു. **(വാങ്മയചിത്രം- പ്രകൃതിയിൽ മനുഷ്യഭാവം)**
- *നെയ്യാമ്പലുകൾ :* അല്പംപോലും ഉറങ്ങാതെ വയലേലകളിൽ സ്വർണ്ണനിറത്തിലുള്ള കിഴികൾ എരിയുന്ന വെള്ളിത്താലങ്ങളുമായി എമ്പാടും നെയ്യാമ്പലുകൾ ശോഭിച്ചുനിൽക്കുന്നു.

**(വാങ്മയചിത്രം- പ്രകൃതിയിൽ മനുഷ്യഭാവം)**

- *രാത്രി :* നേരത്തേ (കാലേ) നിലാവു പരന്ന രാത്രിയിൽ കമുകിൻ പൂക്കുലയരി നിറഞ്ഞ് മനോഹരമായി (തൂമ) എതിരേറ്റുനിൽക്കുന്ന വഴിയിലൂടെ ഓണത്തപ്പൻ (മഹാബലി) എഴുന്നള്ളുകയായി. അല്ലയോ ഉണ്ണികളേ, അലകടലേ ആർത്തുവിളിക്കുവിൻ, അരുവികളെ, ചെറുകന്യകമാരെ നിങ്ങൾ മേന്മേൽ കുരവയിടൂ. ഇതുപോലൊരു നല്ല അതിഥി നമുക്ക് വേറെ ആരാണ് ഉള്ളത് (മഹാബലിയുടെ വരവിനെ ആഘോഷമാക്കാൻ കവി പറയുന്നു).

- *പ്രഭാതം* : നീളമുള്ള മലയുടെ ചങ്ങലവട്ട (വിളക്ക്) യിൽ, തിരിനാളം പാടല (ഇളം ചുവപ്പ് ) നിറമാർന്ന വിരലാൽ നീട്ടിയും മനോഹരമായ കവിളുകൾ തുടുത്തും കുറച്ച് (തെല്ലൊരു) നാണത്തോടെ പതുങ്ങി ഒതുങ്ങി ഓടിക്കോടി ഉടുത്തുവരുന്ന പ്രഭാതമേ (ഉഷസ്സേ) പനിനീരുകൊണ്ട് കാലുകൾ കഴുകിച്ച് മാവേലി മന്നനെ മണിപീഠത്തിലിരുത്തു. ഞങ്ങളുടെ കൊച്ചുകിനാവുകൾ (സ്വപ്നങ്ങൾ) തേടിയലഞ്ഞു പൂക്കളമെഴുതി കാത്തുനിന്ന അരചനെ (ചക്രവർത്തി) മലയാള നാടിന്റെ അങ്കണ(മുറ്റം)ത്തിലെ മണിപീഠത്തിലിരുത്തു.
  അതിഥിയെ സ്വീകരിക്കാൻ ചങ്ങലവട്ടയുമായി വരുന്ന കന്യകയാണ് ഉഷസ്സ്. ഉദയസൂര്യനാകുന്ന വിളക്കിന്റെ നാളം അൽപമൊന്ന് ഉയർത്തി ലജ്ജാഭാരത്താൽ തുടുത്ത കവിളുകളോടെ ഉഷസ്സ് ഒതുങ്ങി നിൽക്കുന്നു. (വാങ്മയചിത്രം- പ്രകൃതിയിൽ മനുഷ്യഭാവം)
- ഞാൻ പഴയ ഒരു പുള്ളുവനാണ്. പായും കുട്ടയും നെയ്യുകയും പലതരത്തിലുള്ള കൈവേലകൾ ചെയ്യുകയും പുഞ്ചകൾ (ഒരു വിളവ് മാത്രം എടുക്കുന്ന നിലം) കൊയ്യുന്ന സമയം കറ്റകൾ മെതിച്ച് കിതക്കുന്ന പെൺകൊടിമാരുടെ കരളുകൾ തുള്ളാൻ കാലുകളിൽ നൃത്തച്ചുവടുകൾ (കലവികൾ-കളികൾ) വിരിയാൻ മനോഹരമായ നാടൻ കവിതകൾ പാടി അരികിൽ ഞാനും എന്റെ വീണപ്പെണ്ണും ഇരിക്കും. ഇതിനിടയിൽ വെറ്റില മുറുക്കാനോ അല്പം നെല്ല് കൊറിക്കാനോ കിട്ടിയാലായി.
  ***നാടോടിസംസ്കൃതിയെയും കാർഷിക പാരമ്പര്യത്തെയും തോറ്റിയുണർത്തുന്ന കവി ഇവിടെ ഒരു പുള്ളുവനാകുന്നു.***
- നാടിന്റെ നന്മക്കുവേണ്ടി,ഐശ്വര്യത്തിനുവേണ്ടി പ്രതിഫലേച്ഛ കൂടാതെ വീടുകൾ തോറും പാട്ടുപാടി കയറിയിറങ്ങിയിരുന്ന പുള്ളുവന്റെയും പുള്ളോത്തിയുടെയും ഓർമ്മ. ഒപ്പം കവിയുടെ ധർമം തിരിച്ചറിയുന്ന പാട്ടുകാരനായി വൈലോപ്പിള്ളി മാറുന്നു.
- ഞാൻ ഓണക്കാലത്ത് ഉണരുന്നു. എന്റെ പാട്ടുകളാവട്ടെ ഓണപ്പാട്ടുകളും. , പൊന്നിൻചിങ്ങം വന്നു പിറന്നു കരഞ്ഞ് ചിരിച്ച് കുടഞ്ഞ്, ഓണത്തിൻ മധുരക്കറി

മനോഹരമായ വായിൽ തേച്ച് അത് നൊട്ടി നുണഞ്ഞ് കളിക്കുന്ന കുട്ടികൾക്ക് ഒപ്പം ഓണത്തപ്പൻ പൂത്തറമേൽ പനയോലക്കുടയും ചൂടി ഇരിക്കുമ്പോൾ ഞാൻ മലയാള തറവാട്ടിലെ മുറ്റത്ത് വെൺമണലിൽ ഇരിക്കുന്നു. കൊഞ്ചലോടെ എന്റെ പ്രിയ വീണപ്പെണ്ണ് കയ്യിൽ ചാഞ്ഞുകിടക്കുന്നു.

- പഴമയിൽ ഇഴയുന്ന പല്ലുകൊഴിഞ്ഞ പാട്ടാണെന്ന് ***പരിഷ്കാരത്തിൽ തിണ്ണയിലുള്ളവർ*** (ഉപഭോഗസംസ്കാരത്തിന് അടിമപ്പെട്ട നാഗരിക സംസ്കൃതി) പഴിക്കാം (കുറ്റം പറയാം). പഴവും അരിയും പപ്പടവും തന്ന് കഴിയുന്നത്ര വേഗത്തിൽ പറഞ്ഞയക്കാൻ നോക്കാം. എന്നാലും എന്റെ അഭിമാനം എത്രയെന്ന് ഇവർ അറിയുന്നില്ല. എന്റെ മുമ്പിൽ നവരത്നങ്ങളിൽ (മുത്ത്, മാണിക്യം, വൈഡൂര്യം, ഗോമേദകം, വ്രജം, പവിഴം, പത്മരാഗം, മരതകം, ഇന്ദ്രനീലം) ഒന്നായ ഗോമേദകത്തിൽ നിറമാർന്ന മിഴികളുമായി കാഞ്ചന (സ്വർണ്ണം) സിംഹാസനത്തിൽ മൂന്നു ലോകവും (ഭൂമി, ആകാശം, പാതാളം) ഭരിച്ച മഹാബലി ചക്രവർത്തി മുത്തുക്കുടയും ചൂടി ഇരിക്കുന്നു.

## ■ *കവിതയിലെ പ്രധാന പ്രമേയങ്ങൾ*

- 'ഓണത്തെ വരവേൽക്കുന്ന പ്രകൃതി, പുള്ളുവന്റെ വരവ്, നഷ്ടമാകുന്ന നാടോടി സംസ്കൃതി, ഓണം, പൂള്ളുവപാട്ടും, പുള്ളുവനേയും പഴയ പാട്ടുകളേയും പറ്റി ഇന്നത്തെ തലമുറയുടെ കാഴ്ചപ്പാട്.
- സിനിമാറ്റിക് നൃത്തങ്ങളും പാട്ടുകളും ഇന്ന് പുള്ളുവന്റെ പാട്ടിന്റെ സ്ഥാനം അപഹരിച്ചു.പരിഷ്കൃത സമൂഹത്തിന്റെ കാഴ്ചപ്പാട്.പഴമയുടെ മേന്മയിൽ പുള്ളുവനായ കവിയ്ക്കുണ്ടാകുന്ന അഭിമാനം.
- പുള്ളുവന്റെ പാരമ്പര്യം അവകാശപ്പെടുന്നു. ***പാരമ്പര്യത്തിന്റെ നന്മ തന്റെ കൈയ്യിലുണ്ടെന്ന് കവി അഭിമാനിക്കുന്നു.***
- ഓണക്കാലത്തിന്റെ വർണ്ണനാചിത്രത്തിനപ്പുറം മലനാട്ടുജീവിതസംസ്കാരത്തിന്റെ മധുരോദാരവും പാവനവുമായ സങ്കൽപ്പങ്ങളെ തോറ്റിയെടുക്കുന്ന ഗീതമായി ഈ കവിതയെ വിലയിരുത്താം.

- മാവേലിത്തമ്പുരാന്റെ വരവറിയിക്കുന്ന പുള്ളുവനായി കവി മാറാൻ ശ്രമിക്കുന്നു.
- പരിഷ്ക്കാരത്തിന്റെ തിണ്ണയിലുള്ളവർ പരിഹസിക്കാം. എന്നാലും തളരില്ല. അചഞ്ചലവും ആത്മാർത്ഥവുമാണ് ഗ്രാമജീവിത ധന്യതയെക്കുറിച്ചുള്ള കവിസങ്കൽപ്പം.'

■ ***ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ് -ഉപന്യാസം -പ്രധാന ആശയങ്ങൾ***

- ഓണം-മഹാബലി-ഐതിഹ്യം-മാവേലിയുടെ സന്ദേശം
- കേരളീയർ ജാതിഭേദമോ,ദേശഭേദമോ ഇല്ലാതെ ആഘോഷിക്കുന്നു, പൂക്കളം- സമത്വസൂചന, വിവിധ പൂക്കൾ- സുന്ദരമായ പൂക്കളം
- പൂക്കളം, പുത്തൻവസ്ത്രം, സദ്യ, തിരുവാതിരക്കളി, തുമ്പിതുള്ളൽ, നാടൻ കലകൾ, മറ്റു ഓണക്കളികൾ, ആഘോഷം
- കൊയ്ത്തുത്സവം-മീനകൊയ്ത്ത്-പുന്നെല്ലരി-മറ്റു കാർഷിക വിഭവം
- വള്ളംകളി മത്സരങ്ങൾ-ലോകമെങ്ങുമുള്ള മലയാളികൾ ഒന്നിക്കുന്ന സുദിനം
- ഓണം- മാറ്റം-കൃഷിയില്ല--പച്ചക്കറി അന്യസംസ്ഥാനം-ഓണം പാക്കറ്റിലായി- ഹോട്ടൽസംസ്കാരം
- ചാനൽ-ഓണം-മലയാളി മടിയൻ-വിപണി കീഴടക്കിയ ഓണം
- വിപണി ഓണം-മെഗാ ഓഫർ-ഡിസ്കൗണ്ട് മേള- പരസ്യം-കമ്പനികൾ ലാഭം കൊയ്യുന്നു.
- ഓണക്കളികൾ-അന്യമായി-ചാനൽസംസ്കാരം-മലയാളി പങ്കാളിത്തം കുറവ്
- മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ-എന്ന ഓണപ്പാട്ട് വർത്തമാനകാലത്ത് അപ്രസക്തമാകുന്നു

## പത്താം ക്ലാസ് അടിസ്ഥാന പാഠാവലി

### ശ്രീ നാരായണ ഗുരു - കുറ്റിപ്പുഴ കൃഷ്ണപിള്ള -(ലേഖനം) .

1. ശ്രീ നാരായണ ഗുരു എന്ന പാഠഭാഗം ഏത് ലേഖനത്തിൽ നിന്നാണ്?

➢ ശ്രീ നാരായണ ഗുരു - ജീവചരിത്രവും ഗുരുസ്മൃതികളും (കുറ്റിപ്പുഴ കൃഷ്ണപിള്ള)

2. ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായിത്തീർന്ന ഒരു കർമപരിപാടിയായി ലേഖകൻ പറയുന്നത് എന്താണ് ?

➢ അധ : കൃതവർഗാദ്ധാരണം

3. കുറ്റിപ്പുഴ ഉദ്ധരിക്കുന്ന നവോത്ഥാന നായകർ ആരെല്ലാം ?

➢ രാജാറാം മോഹൻ റോയ് , ദയാനന്ദ സരസ്വതി ,രാമകൃഷ്ണ പരമഹംസൻ, സ്വാമി വിവേകാനന്ദൻ

4) " അദ്വൈതി' എന്ന പദം കൊണ്ട് അർഥമാക്കുന്നതെന്ത് ?

➢ രണ്ടല്ല, ഒന്ന് തന്നെ എന്നർഥം .

5 . മറ്റു യോഗികളിൽ നിന്ന് ശ്രീനാരായണ ഗുരു എങ്ങനെ വ്യത്യസ്തനാകുന്നുവെന്നാണ് കുറ്റിപ്പുഴ അവതരിപ്പിക്കുന്നത് ?

➢ സ്വമോക്ഷത്തെ ലക്ഷ്യമാക്കി പ്രവൃത്തി രംഗത്തു നിന്ന് നിവൃത്തനായില്ല .

6. 'അപരിത്യാജ്യം' എന്ന പദത്തിന്റെ അർഥം വ്യക്തമാക്കുക .

➢ ഉപേക്ഷിക്കാനാവാത്ത .

7 . ഭാരതീയ വേദാന്തത്തിന്റെ പരമമായ ലക്ഷ്യം എന്താണ്?

➢ മോക്ഷം .

8. മറ്റു സന്യാസിമാരിൽ നിന്ന് ഗുരു എങ്ങനെ വ്യത്യസ്തനാകുന്നു ?

➢ സ്വഭമോക്ഷത്തെ ലക്ഷ്യമാക്കിയില്ല , സ്വകീയമായ വ്യക്തിമഹത്വത്തെ സമൂഹോന്നതിക്ക് വേണ്ടി ഉപയോഗിച്ചു .യോഗ ശക്തിയും ജ്ഞാന ശക്തിയും

visit www.shenischool.in or whatsapp 7012498606

ലൗകിക തലത്തിലേക്കും പ്രസരിപ്പിച്ചു . ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി, സ്വാതന്ത്ര്യ ബോധമുള്ളവരാക്കി , മനുഷ്യത്വത്തെ സമുദ്ധരിച്ചു ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു .ജ്ഞാന സിദ്ധൻ, കർമസിദ്ധൻ, പ്രായോഗിക വേദാന്തത്തിന് പ്രാധാന്യം

9. മറ്റ് സന്യസിമാർക്ക് ഗുരു എങ്ങനെ മാതൃകയാവുന്നു ?

➢ പ്രപഞ്ചത്തിന്റെ മിഥ്യാത്വത്തിൽ ഭ്രമിച്ച് കർമവിമുഖരായി അലസജീവിതം നയിക്കുന്ന സന്യാസിമാർക്ക് സേവനസമർപ്പിതമായ ശ്രീ നാരായണ ഗുരുവിന്റെ ജിവിതം മഹത്തായ മാതൃകയാണ് .

10 .ശ്രീ നാരായണഗുരു ഏതെല്ലാം നിലകളിലാണ് പൂർവാചാര്യനായി പ്രശാഭിച്ചിട്ടുള്ളത് ?

➢ മനുഷ്യ ജാതിയെന്ന വിശ്വവിശാല ആശയത്തിന്റെ പ്രഥമാവതാരകൻ, മതത്തെയും ദൈവത്തെയും അദ്വൈതദൃഷ്ട്യാ ഏകത്വത്തിൽ വിലയിപ്പിച്ച തത്വദർശി, സഹസ്രാബ്ദങ്ങളായി നിലനിന്നുപോന്ന മൂഢാചാര പാരമ്പര്യത്തെയും അന്ധവിശ്വാസത്തെയും ധീരതയോടെ ധ്വംസിച്ച് സാമൂഹ്യജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉൽപതിഷ്ണു , യുക്ത്യനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഏതു മത പ്രണത്തെയും തത്ത്വ സംഹിതായയും നിശ്ശബ്ദം നിരൂപണം ചെയ്തു സ്വതന്ത്രചിന്തകൻ എന്നീ നിലകളിൽ .

11. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന സുപ്രസിദ്ധമായ ഗുരുവചനത്തിൽ എന്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്

➢ മനുഷ്യനന്മയക്ക്

12. "മതാതീതനായ ഒരു തത്വജ്ഞാനിയാണ് ശ്രീനാരായണ ഗുരു. ഇങ്ങനെ വിശേഷിപ്പിച്ചതാര് ?

➢ കുറ്റിപ്പുഴ കൃഷ്ണപിള്ള



visit www.shenischool.in or whatsapp 7012498606

13. 'അന്ധഗജന്യായം' – എന്താണ് ?

➢ അന്ധർ ആനയെ കണ്ട വിവരണം

14 . ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ വിശിഷ്ട ആശയം ഏതാണ് ?

➢ ഒരു ജാതി, ഒരു മതം ഒരു ദൈവം മനുഷ്യന് .

15. ഭേദങ്ങളസ്തമിച്ചാൽ സാധാ ണാർഥത്തിൽ നിലവിലുള്ള മതങ്ങളുടെ അവസ്ഥ എന്ത് ?

➢ മതങ്ങൾ ഇല്ലാതാവും

16 . "നിൽക്കക്കള്ളി"-"പദത്തിന്റെ അർഥമെന്ത് ?

➢ 'നിൽക്കുന്നതിനുള്ള സ്ഥാനം (നിലനിൽപ്പ്).

17 . ഏക ലോക സങ്കല്പം – ആശയത്തിന്റെ ഒരു മുദ്രാവാക്യമായി ലേഖകൻ ചൂണ്ടിക്കാണിക്കുന്ന ഗുരുവചനം ഏത് ?

➢ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

18 . കണ്ണാടി പ്രതിഷ്ഠ – വെളിപ്പെടുത്തുന്നത് എന്ത് ?

➢ മനുഷ്യന്റെ ധ്യാന ലക്ഷ്യം മനുഷ്യൻ തന്നെയാണെന്നും അവന്റെ അന്ത:ശക്തിയും വികസനമാണാവശ്യം എന്നുമുള വസ്തുതയാണ് ഇത് വെളിപ്പെടുത്തുന്നത്

(തത്വമസി – തത്+ ത്വം + അസി–അത് നീ ആകുന്നു)എന്ന ആശയം .

19 . അൽപ ഭാഷണകൊണ്ടും ലളിതോദാഹരണങ്ങളിൽ കൂടിയും ഗുരു ആശയാവിഷ്ക്കാരം നടത്തി . എങ്ങനെ ? ഉദാഹരണം വ്യക്തമാക്കുക .

➢ ജാതി ഒന്നാണെന്നതിന് തെളിവെന്നും വേണ്ടല്ലോ



visit www.shenischool.in or whatsapp 7012498606

➢ ഒരു പട്ടി വേറൊരു പട്ടിയെ കണ്ടാൽ അതിന്റെ സ്വന്തം ജാതിയാണെന്ന് മനസ്സിലാക്കുന്നു. എല്ലാ മൃഗങ്ങൾക്കും വകതിരിവുണ്ട് .

➢ അതനുസരിച്ച് ജിവിക്കുന്നുമുണ്ട് . മനുഷ്യർക്കുമാത്രം സംശയം .

➢ സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ലം , മൃഗങ്ങളെക്കാളും മോശം

20. ഗുരു എങ്ങനെയാണ് പ്രാതസ്മരണീയനാവുന്നത് ?

➢ കേരളത്തെ ജാതിപ്പാളയത്തിൽ അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്തു .

ഗുരുദേവ ദർശനങ്ങൾ – വചനങ്ങൾ.

✔ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് .

✔ മതമേതായാലും മനുഷ്യൻ നന്നായാൽ മതി .

✔ വിദ്യ കൊണ്ട് സ്വതന്ത്രരാവുക .

✔ മദ്യം വിഷമാണ്, അതുണ്ടാക്കരുത് കൊടുക്കരുത് കുടിക്കരുത് .

✔ ജാതി ചോദിക്കരുത്, പറയരുത് ചിന്തിക്കരുത്

✔ ജനങ്ങൾക്കും വിദ്യാഭ്യാസം കൊടുക്കാൻ ശ്രമിക്കണം . അവർക്ക് അറിവുണ്ടാകട്ടെ. അതുതന്നയാണ് അവരെ നന്നാക്കാനുള്ള മരുന്ന്

visit www.shenischool.in or whatsapp 7012498606



# കോഴിയും കിഴവിയും- കാരൂർ നീലകണ്ഠപ്പിള്ള

"നാട്യ പ്രധാനം നഗരം ദരിദ്രം

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"- കുറ്റിപ്പുറത്ത് കേശവൻ നായർ

- **വരികളിലെ ആശയം**:ഗ്രാമത്തിലെ നിഷ്കളങ്കരായ മനുഷ്യർ,മനസ്സിൽ നന്മ സൂക്ഷിക്കുന്നവർ, ഗ്രാമത്തിലെ അയൽപക്ക ബന്ധത്തിലെ ഊഷ്മളത,സർവചരാചരങ്ങളുമായുള്ള ആരോഗ്യകരമായ ബന്ധം.നഗര ജീവിതത്തിലെ പൊങ്ങച്ചം.

## പാഠാഭാഗം -പ്രധാന ആശയങ്ങൾ

**ഗ്രാമജീവിതത്തിന്റെ നിത്യ നിർമ്മലമായ വെളിച്ചം തിരിച്ചറിയാനും നാട്ടു നന്മകളുടെ മങ്ങിത്തുടങ്ങിയ ദീപ നാളങ്ങളെ തെളിച്ചുണർത്താനും സഹായിക്കുന്ന കഥയാണ് കോഴിയും കിഴവിയും.**
**നേർത്ത നർമ്മത്തിന്റെ മേമ്പൊടി ചേർത്ത കഥാപാത്രങ്ങളുടെ ജീവിത ഭാവങ്ങൾ സൂക്ഷ്മതയോടെ ചിത്രീകരിക്കുന്ന കാരൂരിന്റെ വശ്യമായ ആഖ്യാനശൈലി പരിചയപ്പെടാനും ഈ കഥ സഹായിക്കുന്നു.**

- അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണു നിറയാത്തത് കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നത് കൊണ്ടാണ്.
- മാർക്കോസിനോട് നന്ദി പറയുക. അല്ലെങ്കിൽ അയാളുടെ മകനോട്. അവരാരെങ്കിലുമാണല്ലോ ഇതു ചെയ്തത്.
- ആ സ്വാദുള്ള ശവം അവരുടെ പറമ്പിനരികിൽ കിടന്നു.
- അന്നമ്മക്ക് ആ കൊലപാതകം മറക്കാൻ കഴിഞ്ഞില്ല. അവർ അതിനെക്കുറിച്ച് എന്തൊക്കെയോ പൊറു പൊറുത്തു.
- അവർ അന്ന് സുഖമായി അത്താഴം കഴിച്ചു. അല്പം താമസിച്ചെന്നുമാത്രം.
- ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു.
- അടുത്ത പ്രഭാതത്തിൽ അയൽ വീടുകളിൽ കോഴി കൂകിയപ്പോൾ ചത്ത കോഴി ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി, മത്തായി മാർഗേണ കൂകി : നോക്കീക്കോ[- മത്തായിയുടെ പ്രതികാരബുദ്ധി.]
- കെട്ടിയോൻ കള്ളപ്പുകല ചുമടിനു പോയി ഇടി കൊണ്ടു ചത്തതു കൊണ്ട് അവൾക്കു വന്ന സൗഭാഗ്യം
- അങ്ങനെ മുകളിൽ നിന്നു കിഴോട്ടുർന്നിറങ്ങുന്ന മാർക്കോസും താഴേ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു.
- കാറ്റു മാറി വീശി.മാർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചുതുടങ്ങി.
- മാർക്കോസിന്റെ പറമ്പു ചെറുതായി.വന്നു കയറിയവന്റെ വീതം വലുതും
- അയൽപ്പക്കത്ത് അത്താഴപട്ടിണിക്കാരൻ പാർത്താൽ അതൊരു സ്വൈരക്കേടാണെന്ന് അവനറിയാം.
- മാർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ എതിരുപിടിക്കുക എന്നത് മത്തായിയുടെ വ്രതമായി
- പണമുണ്ടെന്ന് ഒരാൾക്കു ഭാവം.കുടുംബസ്ഥിതിയിൽ അഭിമാനം മറ്റവന്
- അവരുടെ പിണക്കം പെട്ടെന്ന് ഇണക്കമായി മാറും.
- അവർക്ക് പ്രായം കൊണ്ടുള്ള അവശത നന്നേയുണ്ടെങ്കിലും ചിലപ്പോൾ അവർ മകനോടും പറയും: മകനെ മൂടു മറക്കരുത്.
- ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായി നിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും.
- മാർക്കോസിന് ഉറക്കം വന്നില്ല. ആ പ്രവൃത്തി ഒരു മുൻ കൈയെടുക്കലായിപ്പോയി. യുദ്ധത്തിനു

കാരണമായിപ്പോയി.

- കോഴിയെ എറിഞ്ഞു കൊന്ന കാര്യം തന്നെ സമ്മതിക്കാമോ എന്നയാൾക്കു സംശയം
- മത്തായിയുടെ വീട്ടിൽ സകല വായും അടച്ച് പൂട്ടി മുദ്രവെച്ചിരിക്കുകയാണ്.
- പോകാം, ഇനിയെന്നാ തിരിച്ച് വരുന്ന തെറിയാൻ മേലല്ലോ. അങ്ങേതിലെ അമ്മ വയസ്സായിരിക്കുകയാ. തിരിച്ച് വരുമ്പോൾ അവരെ കാണാൻ ഭാഗ്യമുണ്ടായില്ലെങ്കിലോ?
- ഞാനിങ്ങേരടെ കൂടെയൊന്നു പോകുകാ.കച്ചേരിലേക്ക് .ഇവിടത്തെ കോഴിയെ കട്ടതിന്.ഞാൻ കട്ടെന്നാ മത്തായി പറയുന്നത്. ഞാനിനി എന്നാ വരുകാന്നാർക്കറിയാം. അതുവരെ എന്റെ വീട് അമ്മ നോക്കിക്കൊള്ളണം.
- മത്തായിയൊണ്ടോ ഈ കൂട്ടത്തില് ! അവനോടൊന്നു പറഞ്ഞേ, എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടുപോകാൻ.
- എന്റെ മകനേ, ഈ നന്ദികെട്ടവരുടെ ഇടയീന്നു കർത്താവെന്നെ യങ്ങു വിളിച്ചിരുന്നെങ്കിൽ
- ഈ വയ്യാവേലിയിൽ നിന്ന് തല വലിക്കാൻ മത്തായി കുറേ പാടുപെടേണ്ടി വന്നു.

## നന്മകളാൽ സമൃദ്ധമായ നാട്ടിൻ പുറങ്ങളാണ് കാരൂർ കഥകളുടെ പശ്ചാത്തലം.

**നാട്ടിൻ പുറത്തെ രണ്ട് കുടുംബങ്ങൾ. സ്നേഹം കൊണ്ടുണ്ടായ വൈരാഗ്യത്തോടെ ജീവിച്ചു പോരുന്ന ഗ്രാമീണ കുടുംബം. തലമുറകളായി താമസിച്ചു പോരുന്ന മാർക്കോസിന്റെയും മത്തായിയുടെയും കുടുംബങ്ങൾ പരസ്പരാശ്രിതത്വത്തിന്റെ നന്മ പലപ്പോഴും പ്രകാശിപ്പിക്കുന്നുണ്ട്. നല്ല അയൽപക്ക ബന്ധങ്ങൾ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവർ. ഒരാളുടെ കോഴിയെ അയാൾ തന്നെ കൊന്നാൽ അപകടമില്ല.എന്നാൽ കൈയ്യബദ്ധം(കൈയ്യ് പറ്റിയ അബദ്ധം/ കൈ കൊണ്ടുള്ള അബദ്ധം) കൊണ്ട് അന്യനാണ് കൊന്നതെങ്കിൽ അതുണ്ടാക്കുന്ന പ്രശ്നങ്ങൾ വലുതായിരിക്കും. ബന്ധങ്ങളും കഷ്ടനഷ്ടങ്ങളും വേഗം മറന്നു പോവും. അവിവേകം കൊണ്ട് പല സാഹസങ്ങൾക്കും മുന്നിട്ടിറങ്ങും. ഇത്തരം സാഹചര്യങ്ങളിൽ അനുഭവസമ്പന്നരായ മുതിർന്നവരുടെ അവസരോചിതമായ ഇടപെടലുകളും ശാസനകളുമാണ് അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുന്നത്. മത്തായിയുടെ അമ്മച്ചിയുടെ പ്രകാശം നിറഞ്ഞ വാക്കുകൾ കുടുംബമായി കഴിയുന്നവർക്ക് എക്കാലത്തും വഴിവിളക്കായി മാറുന്നു. പ്രപഞ്ചത്തിലെ വസ്തുക്കളിന്മേൽ എന്റേത് എന്ന അധികാര ഭാവവും അവയിലൊന്നും അന്യരുടേത് ആവരുത് എന്ന വാശിയുമാണ് കോഴിയും കിഴവിയും എന്ന കഥയുടെ ഇതിവൃത്തം.ലോഭം (എല്ലാം തന്റേത് മാത്രമാകണമെന്ന ചിന്ത) എന്ന ജീവിത ദോഷമാണ് ഈ കഥ ചർച്ച ചെയ്യുന്നത്. മനുഷ്യരുടെ ഇത്തരം ചിന്തകളെ വളരെ നർമം കലർത്തി കാരൂർ അവതരിപ്പിക്കുന്നു. കുടുംബ ബന്ധങ്ങളിലും അയൽപക്ക ബന്ധങ്ങളിലും സാമൂഹ്യ ബന്ധങ്ങളിലും അകൽച്ചക്ക് ഹേതുവാകുന്നത് മനുഷ്യന്റെ സ്വാർത്ഥമായ ചിന്തകളാണ്. തലമുറകൾക്ക് മുമ്പേ തുടങ്ങി വെച്ച സ്നേഹോഷ്മളമായ ബന്ധങ്ങളെ പണത്തിന്റെ കണക്കിൽ വിലയിടുന്ന ലോഭചിന്തയെ/സ്വാർത്ഥതയെ തുറന്നു കാട്ടുകയാണ്, കാരൂർ ലക്ഷ്യം വെയ്ക്കുന്നത്.**

## മത്തായിയുടെ അമ്മ- കഥാപാത്ര നിരൂപണം

- കേന്ദ്രകഥാപാത്രം കഠിനാധ്വാനി അനുഭവസമ്പന്നമായ ഗ്രാമ ജീവിതത്തിന്റെ വെളിച്ചം.
- അമ്മച്ചിയുടെ വാക്കുകൾ കഥാന്ത്യത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുന്നു.
- മനസ്സിൽ നന്മ സൂക്ഷിക്കുന്നു. അയൽവീട്ടിലെ മാർക്കോസിനെയും സ്നേഹിക്കുന്നു.
- ചെറുപ്പത്തിലെ ചങ്ങാത്തം തേഞ്ഞു മാഞ്ഞു പോയ മാർക്കോസിന്റെയും മത്തായിയുടെയും ഇടയിലെ വെളിച്ചമായി മാറുന്ന (നിത്യ നിർമലമായ വെളിച്ചം)
- എന്നും നന്മയുടെ പക്ഷത്ത്.കോഴി മോഷണവും കൊലപാതകവുമായി ബന്ധപ്പെട്ട് നടത്തിയ വെളിപ്പെടുത്തൽ കഥാഗതിയെ മാറ്റിമറിക്കുന്നു.
- ജയിലേക്കുള്ള വഴിയിൽ അമ്മച്ചിയെ (മത്തായിയുടെ അമ്മ ) കാണാൻ മർക്കോസ് എത്തുന്നു.അമ്മച്ചി മാർക്കോസിനെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുക്കുന്നു.
- എന്റെ മകനേ ഈ നന്ദികെട്ടവരുടെ ഇടയീന്ന് കർത്താവ് എന്നെയങ്ങ് വിളിച്ചിരുന്നെങ്കിൽ - അമ്മച്ചിയുടെ വാക്കുകൾ

- നിലാവു പെയ്യുന്ന നാട്ടുവഴിയിൽ നന്മകൾ അസ്തമിച്ചിട്ടില്ലെന്ന് ബോധ്യപ്പെടുത്തുന്ന കഥാപാത്രം

- **അടിവരയിട്ട പദങ്ങളുടെ വിപരീതാർത്ഥത്തെ കുറിക്കുന്ന പദങ്ങൾ കണ്ടെത്തുക**
- സംഗതി വളരെ നിസ്സാരമായിരുന്നു.( സാരം)
- അയൽപക്കത്തെ കാഴ്ചകൾ അസഹനീയമായിരുന്നു.(സഹനീയം)

- **കൂടുതൽ പദങ്ങൾ**
- സഹകരണം - നിസ്സഹകരണം
- നശ്വരം - അനശ്വരം
- കളങ്കം -നിഷ്കളങ്കം
- ശബ്ദം - നിശ്ശബ്ദം
- സന്തുഷ്ടി -അസന്തുഷ്ടി
- ശേഷം - നിശ്ശേഷം
- ലൗകികം -അലൗകികം
- **ഒറ്റ വാക്യമാക്കി എഴുതുക.**
- ഒരു കയ്യാല കൊണ്ട് വേർതിരിക്കപ്പെട്ട രണ്ടുപറമ്പ്. കുറേക്കാലം മുമ്പ് രണ്ടും ഒന്നായിരുന്നു.
- തൊട്ടടുത്ത് വലിയ പാടമുണ്ട്. ആ പാടത്തു പണിക്കു വരുന്നവരൊക്കെ ആ പെമ്പിള്ളയുടെ കടയിൽ നിന്ന് സാമാനം വാങ്ങും.
- **പ്രയോഗ സവിശേഷത**
- നോക്കീക്കോ- മത്തായിയുടെ പ്രതികാരബുദ്ധി
- എതിരുപിടിക്കുക - എപ്പോഴും എതിർക്കുക.
- മൂട്ട മറക്കുക - ചെയ്തു തന്ന ഉപകാരം മറക്കുക.
- വയ്യാവേലി - അനാവശ്യമായി പ്രശ്നങ്ങളിൽ ചെന്നുപെടുക /വെറുതെയുള്ള ഉപദ്രവം
- അടച്ചു പൂട്ടി മുദ്രവെയ്ക്കുക- സ്വന്തം രക്ഷയ്ക്കു വേണ്ടി ഏതു കാര്യവും മറച്ചു വെയ്ക്കുക.
- **കൂടുതൽ ചോദ്യങ്ങൾ**
- രണ്ടയൽവക്കകുടുംബങ്ങൾ തമ്മിലുള്ള കലഹങ്ങൾക്കപ്പുറം സമ്പത്തിന്റെയും മൂല്യങ്ങളുടെയും സംഘർഷമാണ് *കോഴിയും കിഴവിയും* എന്ന കഥ. വിലയിരുത്തുക?
- മൂല്യങ്ങൾക്ക് വില കൽപ്പിക്കാത്ത പുതിയ കാലത്തിന്റെ പ്രതിനിധിയാണ് മത്തായി.- സ്വഭാവസവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക?
- "നിലാവു പെയ്യുന്ന നാട്ടുവഴിയിൽ നന്മകൾ അസ്തമിച്ചിട്ടില്ല." കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

**Prepared by:SURESH AREEKODE,HST(MALAYALAM), Govt.HSS KUZHIMANNA.MALAPPURAM.PH:9562521509.Email :sbtckr @gmail.com**
**Visit my You Tube: mukulam malayalam for more resources,video lessons and PDF Notes**

# 3. വാക്കുകൾ വിടരുന്ന പുലരികൾ

***"വാക്കിനോളം തൂക്കമില്ലി***
***ഊക്കൻ ഭൂമിക്കുപോലുമേ"*** (കുഞ്ഞുണ്ണിമാഷ്)

- വാക്കിന്റെ ശക്തി ഉദ്ഘോഷിക്കുന്ന വരികൾ.
- വാക്കുകൾ സൃഷ്ടിക്കുന്ന വൈകാരികലോകം വളരെ വലുതാണ്.
- മനസ്സുകളിൽ കുളിർമഴയായും നിലാവെളിച്ചമായും ഇളംതെന്നലായും ചിലപ്പോൾ ആന്തരികചേതനയുടെ വിസ്ഫോടനങ്ങൾ സൃഷ്ടിക്കലായും വാക്കുകൾ ജനിക്കുന്നു.
- നല്ല വാക്കുകൾ കൊണ്ട് ഉണക്കാൻ സാധിക്കാത്ത മുറിവുകളില്ല.
- മുമ്പേ പറയുന്ന ഒരു വാക്ക് പിന്നെ പറയുന്ന രണ്ടു വാക്കുകളേക്കാൾ ശക്തമാണ് - വെൽഷ് പഴമൊഴി.
- ഭാഷ ഒരു മാധ്യമമാകുമ്പോൾ മനുഷ്യമനസ്സുകളിൽ അത് രൂപപ്പെടുത്തുന്ന അവസ്ഥാഭേദങ്ങൾ, ചില അടയാളപ്പെടുത്തലുകൾ, ഭാവനാംശങ്ങൾ തുടങ്ങിയവ വളരെ മഹത്തരമാകാറുണ്ട്.
- അത് സാഹിത്യരൂപം കൈവരിക്കുന്നിടത്ത് സ്വതന്ത്രമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ഭദ്രമാകുന്നു.
- ഓർമകളെ ഭാഷ കൊണ്ട് പ്രകാശിപ്പിക്കുമ്പോൾ അതിന്റെ ശക്തി കൂടുന്നു (ഉദാ: അമ്മത്തൊട്ടിൽ - റഫീക്ക് അഹമ്മദ് - ഓർമകളിലൂടെയുള്ള സഞ്ചാരം ശ്രദ്ധിക്കുക).
- വാക്കുകൾ കൊണ്ടുള്ള തീവ്രവികാരങ്ങളുടെ ആവിഷ്ക്കാരമാണത്.
- അവ ഹൃദയത്തെ ഉണർത്തി അനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നു എന്ന അർത്ഥത്തിലാണ് തലക്കെട്ടിന് **വാക്കുകൾ വിടരുന്ന പുലരികൾ** എന്ന പേര് നൽകിയിരിക്കുന്നത്.

**കണ്ടും കേട്ടും വായിച്ചും മനസ്സിലാക്കിയ ആശയങ്ങൾ ഉൾപ്പെടുത്തി ആനുകാലിക വിഷയങ്ങളോട് ശക്തമായി പ്രതികരിക്കാൻ നമുക്ക് കഴിയണം. ഇത് ഭാഷയുടെ മൗലിക ധർമമാണ്.**

## പ്രവേശക പ്രവർത്തനം

***"നന്മകൾ കേട്ടതു കണ്ടതു ചൊല്ലാൻ നാക്കിനു കഴിയട്ടെ***
***തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ കൊക്കിന് കഴിയട്ടെ"***

- തത്തമ്മ (അയ്യപ്പപ്പണിക്കർ)

- അയ്യപ്പപ്പണിക്കരുടെ കവിത - തത്തമ്മ.

- തത്തമ്മ കേട്ടത് ആവർത്തിക്കുന്നു (പറഞ്ഞു പഠിപ്പിച്ചത് ഉരുവിടുന്നു).
- നന്മകൾ കേട്ടത്, കണ്ടത് ചൊല്ലാൻ കഴിയട്ടെ എന്ന് കവി ആശംസിക്കുന്നു.
- നന്മകൾ മാത്രമല്ല, തിന്മകൾ കണ്ടാൽ പ്രതികരിക്കാനും കഴിയണം.
- ശക്തമായ ഭാഷയിലൂടെ മാധ്യമങ്ങൾ (പത്രം, റേഡിയോ, ടെലിവിഷൻ, നവമാധ്യമങ്ങൾ) ആണ് സമൂഹത്തിലെ പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കേണ്ടത്.
- തത്തമ്മയിൽ അയ്യപ്പപ്പണിക്കർ പറയുംപോലെ
- തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ കൊക്കിന് കഴിയട്ടെ

**കാണുന്നതും കേൾക്കുന്നതും പറയാൻ മാത്രമല്ല, അവയോട് ശക്തമായി പ്രതികരിക്കുകയും വേണം. മാധ്യമങ്ങൾ നിർവഹിക്കേണ്ട സാമൂഹ്യധർമമാണിത് എന്ന് നാം തിരിച്ചറിയണം.**

## പണയം – ഇ. സന്തോഷ്കുമാർ – കഥ : പ്രധാനാംശങ്ങൾ

- ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന ദരിദ്രനായ തയ്യൽക്കാരനാണ് ചാക്കുണ്ണി.
- കലാഹൃദയമുള്ള അയാൾ ഏറെ ബുദ്ധിമുട്ടുകൾ സഹിച്ചാണ് റേഡിയോ സ്വന്തമാക്കുന്നത്. അതിനായി തന്റെ ശീലങ്ങളും ആത്മീയകാര്യങ്ങളും അയാൾക്ക് മാറ്റിവെക്കേണ്ടിവന്നു.
- റേഡിയോ വാങ്ങാൻ പോകുമ്പോൾ നാട്ടുകാർ ചാക്കുണ്ണിയെ ആദരവോടെയാണോ നോക്കിയത് എന്ന കാര്യത്തിൽ കഥാകൃത്ത് സംശയം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും വായനക്കാരന് ആ സംശയമില്ല.
- കാരണം നാടിന്റെ ചരിത്രത്തിലെ ആദ്യസംഭവമായിരുന്നു ചാക്കുണ്ണിയുടെ റേഡിയോ.
- റോഡിയോയിലെ പരിപാടികൾ തന്റെ തൊഴിലിന്റെ താളമായി മാറുകയാണെന്ന് അയാൾ തിരിച്ചറിഞ്ഞു.
- ചാക്കുണ്ണിയുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്ന റേഡിയോ, അയാളുടെ ഇളയ കുട്ടിയുടെ ചികിത്സക്കായി ചെമ്പുമത്തായിക്ക് പണയം വയ്ക്കുന്നു.
- മാനുഷികമൂല്യങ്ങൾക്കും കലയ്ക്കും ജീവിതത്തിൽ ഒരു വിലയും കൽപ്പിക്കാത്തയാളാണ് ചെമ്പുമത്തായി.
- പാരമ്പര്യമായി സ്വർണപ്പണയത്തിന്മേൽ പണം നൽകുന്ന കുടുംബമാണ് അയാളുടേത്.
- റേഡിയോ നഷ്ടമാകുന്നതോടെ ചാക്കുണ്ണിയുടെ തൊഴിലിന്റെ താളം തെറ്റുന്നതോടൊപ്പം മകന്റെ വേർപാട് മനസ്സിന്റെ വേദനയും വർധിപ്പിക്കുന്നു.
- ഒരു ചലച്ചിത്രത്തിലെന്നപോലെ വായനക്കാരന്റെ മനസ്സിൽ ദൃശ്യാനുഭവം പകർന്നുനൽകാൻ പണയം എന്ന കഥയ്ക്ക് കഴിയുന്നുണ്ട്.

- അക്ഷരങ്ങൾ അനുഭവങ്ങളായി മാറുന്നു.
- വാക്കുകൾ കൊണ്ട് മനുഷ്യമനസ്സിൽ സൃഷ്ടിക്കുന്ന ദൃശ്യസമ്പന്നതയാണ് ഈ കഥയുടെ മുഖ്യസവിശേഷത.
- മാധ്യമങ്ങൾ അറിയാനും അറിയിക്കാനും മാത്രമല്ല, ആനന്ദിക്കാനും ആശ്വസിപ്പിക്കാനുമാണ് എന്ന തിരിച്ചറിവ് ഉണ്ടാക്കുന്ന കഥയാണ് പണയം.
- ജീവിതാനുഭവങ്ങൾ ശക്തമായി ആവിഷ്ക്കരിക്കാനുള്ള ഭാഷയുടെ കഴിവ് കണ്ടെത്താനും പഴയകാല ഗ്രാമീണ നന്മകളുടെ ഭാഗമായ ശ്രവണസംസ്കാരത്തെ വിലയിരുത്താനും ഈ കഥ സഹായിക്കുന്നു.
- സമൂഹത്തിൽ നവമാധ്യമങ്ങളുടെ സ്വാധീനം വർധിച്ചുവരുന്ന ഈ കാലഘട്ടത്തിലും നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും മനുഷ്യർക്ക് ഏറെ പ്രിയപ്പെട്ട മാധ്യമമാണ് റേഡിയോ.

**പ്രധാനാശയങ്ങൾ : പണയം – രചനാപരമായ സവിശേഷതകൾ**

- മൂന്നു പതിറ്റാണ്ടി നൂലു കോർത്ത് കുഴിഞ്ഞുപോയ കണ്ണുകൾ (ചാക്കുണ്ണിയുടെ ജീവിതാവസ്ഥ).
- ചാക്കൊരു മാപ്ലക്ക് സ്വർണം ചോരേല്ണ്ടാർന്നതാ. ഒരച്ച് നോക്കാണ്ടെന്നേ പറയും, ഇത്ര ചെമ്പ്, ഇത്ര സ്വർണം! (തന്റെ പിതാവിന്റെ പാരമ്പര്യം, വൈഭവം).
- ആ റേഡിയോയ്ക്ക് നല്ല വെലേണ്ട് മത്തായിമൂപ്പരേ.
- ഈ റേഡിയോ പാട്ടൊക്കെ എനിക്ക്ത്ര പിട്ത്തല്ല്യാ. മനുഷ്യരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള്. ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം (ചെമ്പുമത്തായിയുടെ ജീവിതവീക്ഷണം).
- ന്നാലും..... ഇതൊക്കെ കുട്ട്യോളട പോലെ നോക്കണ്ട സാധനങ്ങളാണേ.
- കുട്ടികളെതന്നെ ഞാൻ ലാളിച്ചിട്ടില്ല്യ. നമ്മടെ നല്ലകാലത്ത് അവറ്റയൊക്കെ നല്ല പെട പെടച്ചട്ടാ ഞാൻ വളർത്തീരിക്കണത്.
- സത്യം പറഞ്ഞാ, ആ കുന്തം ഇബടിരിക്കണതാ നെനക്കും നല്ലത്. മനസ്സമാധാനായിട്ട് വല്ല പണീ നടക്കും...
- മനസ്സിലെ നാടകത്തിൽ നിന്ന് ഏതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചു തേങ്ങി. ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു (റേഡിയോ നഷ്ടപ്പെട്ട സാഹചര്യത്തിൽ ചാക്കുണ്ണിയുടെ അവസ്ഥ).
- കാലിൽ ആണിയുടെ അസുഖം ഉണ്ടായിരുന്നിട്ടും പൊട്ടിയ റബ്ബർ ചെരിപ്പു മാറ്റിവാങ്ങാതെ കഷ്ടപ്പെട്ടു നടന്നു.

- "ഒരു റേഡിയോ വാങ്ങിക്കണം സുകോ" - അയാൾ അഭിമാനത്തോടെ പറഞ്ഞു.
- അയാൾ വീട്ടിലെത്തുമ്പോൾ കുട്ടികളും ഭാര്യയും കാത്തിരിക്കുകയാവും. പ്രക്ഷേപണം തീരുംവരെ ആ വീട്ടിൽ നിന്നും റേഡിയോയുടെ ശബ്ദം മുഴങ്ങി.
- പാട്ടോ വാർത്തയോ അടുത്തുവരുമ്പോൾ വഴിമാറാം. ആറാട്ടുകുന്നിൽ റേഡിയോയെ ഭയക്കുന്ന അപൂർവം ചിലരായിരുന്നു അവർ.
- ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു.
- ചാക്കുണ്ണി ഒന്നും പറഞ്ഞില്ല. അയാൾ കൂടുതൽ ക്ഷീണിച്ചിരുന്നു. കണ്ണുകൾ കൂടുതൽ ആഴത്തിലേക്കു പോയിരുന്നു.
- തയ്യൽക്കാരൻ ചാക്കുണ്ണി സ്വയം തെറ്റി അളന്ന ഉടുപ്പുകളിൽ കയറിക്കൂടിയിരിക്കുന്നതുപോലെ അയാൾക്കു തോന്നി.
- തുണിസഞ്ചി തുറന്ന് ചാക്കുണ്ണി റേഡിയോയെ തൊട്ടുനോക്കി. അയാളുടെ കണ്ണുകൾ വിടർന്നിരുന്നു. പിറകിലെ ഭാഗത്തെ കുട്ടിയുടെ ചിത്രത്തിലേക്ക് അയാൾ ഉറ്റുനോക്കി.
- ബാലമണ്ഡലം -ചാക്കുണ്ണി മെല്ലിച്ച ഒച്ചയിൽ പറഞ്ഞു. "ഞായറാഴ്ച അതാ സ്പെഷല്".
- നാളെ ഞാൻ കടേല് വരില്ല്യ മൂപ്പരേ. കൊറച്ച് ദിവസത്തിക്ക് ഞാനില്ല്യ - പടികളിറങ്ങുമ്പോൾ ചാക്കുണ്ണി പറഞ്ഞു.
- എന്റെ ക്ടാവ് മരിച്ചു മൂപ്പരേ. ഇന്നലെ. പറ്റാവുന്ന ചികിത്സ്യ്യാക്കെ നോക്കി. തമ്പുരാൻ തന്നില്ല്യ.
- അവന് വല്ല്യ ഇഷ്ടാർന്നു ബാലമണ്ഡലം. അതു കേൾക്കാനാ ഞാൻ വന്നത്. കേട്ടപ്പോ എനിക്കു കൊറച്ച് ആശ്വാസമായി.
- അതില് കുട്ട്യോള് പാടേം ചിരിക്കേമൊക്കെ ചെയ്യ്ണ്ടല്ലോ. വീട്ടില് ആർക്കും അദിന് പറ്റ്ണ്ല്ല്യാ. മനസ്സിന്റെ കനം ഇത്തിരി കൊറഞ്ഞത് ഇപ്പളാ.
- എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ. ഒക്കെ നിങ്ങള് എഴുതിവെയ്ക്കണം.

  **(കഥ മാറുകയാണ്, പ്രമേയങ്ങളില്ല, ആഖ്യാനങ്ങളിലും ആവിഷ്ക്കാരങ്ങളിലും ഭാഷാശൈലികളിലും കഥ മാറുന്നു - ഡോ: എം.എം. ബഷീർ).**

## കഥയിലെ പ്രധാന കഥാപാത്രങ്ങൾ

റേഡിയോ, ചാക്കുണ്ണി, ചെമ്പുമത്തായി, ബസ് കണ്ടക്ടർ

## കഥാപാത്ര നിരൂപണം / താരതമ്യക്കുറിപ്പ് / വിലയിരുത്തൽക്കുറിപ്പ്

### ചാക്കുണ്ണി

- ആറാട്ടുകുന്നിലെ റേഡിയോ വാങ്ങിച്ച ആദ്യത്തെ വ്യക്തി.
- ജീവിതാവസ്ഥ വളരെ ദയനീയം. തയ്യൽക്കാരൻ.
- ആണിരോഗം - എന്നിട്ടും പൊട്ടിയ റബ്ബർ ചെരിപ്പ് മാറ്റി വാങ്ങുന്നില്ല.
- രാത്രി ഏറെ വൈകിയും ജോലി ചെയ്യുന്നു.
- കലക്കും കുഞ്ഞിനും വേണ്ടി ജീവിക്കുന്നു. കഷ്ടപ്പെടുന്നു.
- നല്ല മനുഷ്യനാകാൻ സഹൃദയത്വം വേണം.
- കലാസ്വാദകൻ. തൊഴിലിനോട് ആത്മാർത്ഥത.
- മക്കളോട് വളരെയധികം സ്നേഹം. രോഗം വന്നപ്പോൾ ജോലിയിൽ ശ്രദ്ധ പാളുന്നു.
- ജീവിതാവശ്യങ്ങൾക്ക് പണം കണ്ടെത്താനാവാതെ വിഷമിക്കുന്നു.
- റേഡിയോയെ മക്കൾക്കു തുല്യം സ്നേഹിക്കുന്നു.
- ചാക്കുണ്ണിയുടെ ജീവിതവീക്ഷണം (റേഡിയോ പരിപാടികൾ ജീവിതത്തിന്റെ താളം).
- റേഡിയോ വാങ്ങാൻ വ്യക്തിപരവും ആത്മീയവുമായ ആവശ്യങ്ങൾ മാറ്റിവെയ്ക്കുന്നു.
- സാമൂഹ്യമായി അംഗീകരിക്കപ്പെടുന്ന വ്യക്തി.
- ആസ്വാദകമനസ്സിൽ സഹതാപം സൃഷ്ടിക്കുന്ന കഥാപാത്രം.

### ചെമ്പുമത്തായി/കാശ്മത്തായി

- ജീവിതത്തിൽ പണമുണ്ടാക്കൽ മുഖ്യലക്ഷ്യം.
- മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ.
- സ്വർണം ഉരച്ചുനോക്കി മാത്രം പണയം സ്വീകരിക്കുന്നു.
- ആരേയും വിശ്വാസമില്ല.
- കലകൾക്ക് ജീവിതത്തിൽ സ്ഥാനം നൽകുന്നില്ല.
- പണത്തോട് ആർത്തി. കണിശത പാലിക്കുന്നു.
- മാനുഷികമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല.
- മക്കളെ തല്ലി വളർത്തണമെന്ന പക്ഷക്കാരൻ.
- റേഡിയോ പോലും പണയം വാങ്ങി പണം പലിശയ്ക്ക് കൊടുക്കുന്നവൻ.
- സംഗീതാദി കലകൾക്ക് സമയം ചെലവഴിക്കുന്നത് വെറുതെയാണ് എന്ന മനോഭാവം.
- ജീവിതം ധനസമ്പാദനത്തിന് മാത്രം എന്ന ചിന്ത.
- ചെമ്പുമത്തായിയുടെ ജീവിതവീക്ഷണം.
- റേഡിയോ പരിപാടികൾ കേട്ട് പണിയെടുത്താൽ തെറ്റ് പറ്റുമെന്ന അഭിപ്രായം.
- സാമൂഹ്യമായി അംഗീകരിക്കപ്പെടാത്ത വ്യക്തി.
- ചെമ്പുമത്തായി എന്ന പേര് ഔചിത്യപൂർണം.
- ചാക്കുണ്ണിയോട് ഒട്ടും സഹതാപമില്ല.

## റേഡിയോ കഥയിലെ ജീവസുറ്റ കഥാപാത്രം/ശക്തമായ സാന്നിധ്യം

- ആറാട്ടുകുന്നിലെ ആദ്യത്തെ റേഡിയോ.
- ഓണക്കാലത്ത് കഠിനാധ്വാനം ചെയ്ത് മിച്ചം വെച്ച പണം കൊണ്ട് വാങ്ങിയത്.
- തയ്യൽക്കടയും റേഡിയോയും ചരിത്രമാവുന്നത്.
- ആളുകൾ ചാക്കുണ്ണിയുടെ കടയ്ക്കു മുമ്പിൽ എത്തിച്ചേരുന്നത്/ശ്രദ്ധിക്കുന്നത്.
- ജോലി കഴിഞ്ഞ് വീട്ടിലേക്കുള്ള യാത്ര - പ്രവർത്തിക്കുന്ന റേഡിയോ.
- റേഡിയോ പരിപാടി കടക്കാർക്ക് ഉപകാരമായി എന്ന വിപരീതധ്വനി.
- റേഡിയോ പ്രക്ഷേപണം തീരുംവരെ ഭാര്യയും മക്കളും കാത്തുനിൽക്കും.
- നാട്ടിലും വീട്ടിലും റേഡിയോ പ്രിയപ്പെട്ടതാവുന്നത്.
- കുട്ടിയുടെ ചികിത്സയ്ക്ക് റേഡിയോ പണയം വയ്ക്കുന്നു. വീട്ടുകാർ സങ്കടപ്പെടുന്നു.
- കുട്ടിയുടെ മരണവും അവന് ഇഷ്ടപ്പെട്ട ബാലമണ്ഡലം പരിപാടി കേൾക്കാൻ ചെമ്പുമത്തായിയുടെ അടുത്ത് എത്തുന്നതും.
- തുണിസഞ്ചി തുറന്ന് ചാക്കുണ്ണി റേഡിയോയെ തൊട്ടുനോക്കുന്നതും.
- റേഡിയോയിലെ പരിപാടി കേട്ട് ചാക്കുണ്ണി സന്തുഷ്ടവാനാവാൻ ശ്രമിക്കുന്നത്.
- ഏറ്റവും ഇഷ്ടപ്പെട്ട റേഡിയോ ചെമ്പുമത്തായിയുടെ പണയമുതലായി മാറുന്നത്.




തയ്യാറാക്കിയത്:

**സുരേഷ് അരീക്കോട്** (ഫോൺ: 9562521509)
എച്ച്.എസ്.ടി (മലയാളം)
ഗവ: എച്ച്.എസ്.എസ് ഉഗ്രപുരം,
അരീക്കോട്, മലപ്പുറം

## പത്രനീതി - സുകുമാർ അഴീക്കോട് - ലേഖനം

പ്രഭാതങ്ങളിൽ ജനങ്ങളുടെ കൈകളിൽ എത്തുന്ന ഏറ്റവും വലിയ മാസ്സ് കമ്മ്യൂണിക്കേഷൻ (Mass Communication - ബഹുജന മാധ്യമം ) മീഡിയകളിലൊന്നാണ് പത്രം. വാക്കുകൾ വിടരുന്ന പുലരി ഒരു കപ്പ് ചായയ്ക്കൊപ്പം മലയാളിയുടെ ദിവസത്തിന്റെ തുടക്കം തന്നെ ഇങ്ങനെയാവുന്നു.

ജനമനസ്സുകളിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സ്വാധീനം വളരെ വലുതാണ്. നന്മതിന്മകളുടെ ആത്മാംശങ്ങൾ പകർന്നു നൽകി കാലഘട്ടങ്ങളെ അടയാളപ്പെടുത്തുകയും നാളെയുടെ മേന്മകൾക്കായി പണിയെടുക്കുകയുമാണ് മാധ്യമധർമം. ഈ ധർമം കുറ്റമറ്റതാകുമ്പോഴാണ് വരുംതലമുറയും സമൂഹവും ശക്തിഭദ്രമാവുക. നവമാധ്യമരംഗത്തെ പ്രവണതകളെ തിരിച്ചറിയേണ്ടത് ഏറെ പ്രാധാന്യവും അർഹിക്കുന്നു.

മലയാളത്തിലെ അതുല്യപ്രതിഭയായ സുകുമാർ അഴീക്കോടിന്റെ "നവയാത്രികർ" എന്ന ഗ്രന്ഥത്തിലെ 'പത്രങ്ങൾ ഏതുപക്ഷത്ത്' എന്ന ലേഖനത്തിൽ നിന്നുള്ള പാഠഭാഗമാണ് പത്രനീതി.

### വൈകി കിട്ടുന്ന നീതി നീതിനിഷേധം തന്നെ
### (Justice delayed is justice denied)

*നമ്പിനാരായണൻ എന്നറിയപ്പെടുന്ന എസ്. നമ്പിനാരായണൻ ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനിലെ **(ISRO)** മുൻ ഉദ്യോഗസ്ഥനായിരുന്നു. 1994 നവംബർ 30ന് ചാരവൃത്തി ആരോപിച്ച് ഇദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും അമ്പതു ദിവസം ജയിലിൽ അടയ്ക്കുകയുമുണ്ടായി. കേരളത്തിൽ ഏറെ കോളിളക്കം സൃഷ്ടിച്ച ഒന്നാണ് ഐ.എസ്.ആർ.ഒ ചാരക്കേസ്. ഐ.എസ്.ആർ.ഒയിലെ ഉദ്യോഗസ്ഥരായിരുന്ന ഡോ: ശശികുമാറും ഡോ: നമ്പിനാരായണനും ചേർന്ന് മറിയം റഷീദ എന്ന മാലി സ്വദേശിനി വഴി ഇന്ത്യൻ ബഹിരാകാശ പരിപാടിയുടെ രഹസ്യങ്ങൾ വിദേശികൾക്ക് ചോർത്തി നൽകി എന്നതായിരുന്നു ആരോപണം. ഐ.എസ്.ആർ.ഒ വികസിപ്പിച്ചുകൊണ്ടിരുന്ന ക്രയോജനിക്ക് എഞ്ചിൻ സാങ്കേതിക വിദ്യയെ ചുറ്റിപറ്റിയായിരുന്നു ചാരവൃത്തി കേസ്. കുറ്റാരോപിതനായ അദ്ദേഹം നിരപരാധിയാണെന്നു മനസ്സിലാക്കി 1998ൽ സുപ്രീം കോടതി നമ്പിനാരായണനെ കുറ്റവിമുക്തനാക്കി.*

*കുറ്റാരോപിതർക്കെതിരായ മാധ്യമ വിചാരണയുടെ ദൃഷ്ടാന്തങ്ങളിലൊന്നായിരുന്ന ഈ കേസ് അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരന്റെ സ്ഥാനചലനത്തിനു വരെ വഴിവെച്ചു. കേരളത്തിലെ പത്രങ്ങളിലൂടെ ആരംഭിച്ച ചാരക്കേസ് മുഖ്യധാരാ പത്രങ്ങളുടെ ഇടപെടലോടെ വലിയ വിവാദ വ്യവസായമായി മാറുകയായിരുന്നു. എന്നാൽ പിന്നീട് സി.ബി.ഐ അന്വേഷണത്തിൽ കുറ്റാരോപിതർക്കെതിരായി തെളിവുകൾ ലഭ്യമല്ലെന്ന് കണ്ടെത്തി കേസ് എഴുതിത്തള്ളുകയാണുണ്ടായത്. നീതിയുടെ പക്ഷത്ത് നിൽക്കേണ്ട പത്രങ്ങൾ നീതിരഹിതമായി ഇടപെട്ടപ്പോൾ ഇന്ത്യയ്ക്ക് നഷ്ടമായത് ഒരു ശാസ്ത്രപ്രതിഭയുടെ സേവനവും അമേരിക്ക വരെ ഭയപ്പെട്ടിരുന്ന ക്രയോജനിക്ക് എഞ്ചിൻ സാങ്കേതിക വിദ്യയുടെ വികസനവുമായിരുന്നു.*

*2018ൽ ജസ്റ്റിസ് ദീപക്മിശ്ര ബെഞ്ചിന്റെ സുപ്രീം കോടതി വിധിയിൽ നമ്പിനാരായണന് 50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ വിധിയായി. സംസ്ഥാന സർക്കാർ 10-08-2018ൽ പരസ്യമായി നഷ്ടപരിഹാരതുക നൽകി വിധി നടപ്പാക്കി. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത 10 ലക്ഷം രൂപയും അദ്ദേഹത്തിന് ലഭിച്ചു. സബ്കോടതിയിൽ ഫയൽ ചെയ്ത കേസ് ഒത്തുതീർപ്പാക്കുന്നതിനായി 1.3 കോടി രൂപ നൽകണമെന്ന നമ്പിനാരായണന്റെ ശുപാർശ 2019 ഡിസംബറിൽ മന്ത്രിസഭ യോഗം അംഗീകരിച്ചു. 2017 ഒക്ടോബർ 23ന് അദ്ദേഹത്തിന്റെ ആത്മകഥയായ "ഓർമകളുടെ ഭ്രമണപഥം" പുറത്തിറക്കിയിരുന്നു. 2019 ജനുവരി 25ന് ഭാരത സർക്കാർ പദ്മഭൂഷൺ നൽകി ഇദ്ദേഹത്തെ ആദരിച്ചു.*

## പത്രവാർത്തകൾ - ക്രോഡീകരണം

- പത്രവാർത്തകളിൽ കാണുന്ന സമീപനത്തിന്റെ വ്യത്യസ്തതകൾ
- അതിന്റെ കാരണങ്ങൾ-രാഷ്ട്രീയ നിലപാടുകൾ
- സാമ്പത്തികരംഗം അധികാര കേന്ദ്രങ്ങളോടുള്ള നിലപാട്, സർക്കുലേഷൻ (പത്ര പ്രചാരണം) തന്ത്രങ്ങൾ വായനക്കാരുടെ/സമൂഹത്തിന്റെ താല്പര്യം

## പത്രധർമം എന്തായിരിക്കണം

- സമൂഹനന്മ ലക്ഷ്യമാക്കണം (നന്മകൾ കണ്ടതു കേട്ടതു ചൊല്ലാൻ നാക്കിനു കഴിയട്ടെ)
- തിന്മകൾക്കെതിരെയുള്ള പ്രതികരണം (തിന്മകൾ കണ്ടതു കൊത്തിനുറുക്കാൻ കൊക്കിനു കഴിയട്ടെ)
- തിരുത്തൽ ശക്തിയാവണം
- ജനാധിപത്യത്തിന്റെ ജിഹ്വ(നാവ്)യായി പ്രവർത്തിക്കാൻ കഴിയണം

## ഫോർത്ത് എസ്റ്റേറ്റ്

- നിയമനിർമാണ സഭ
- നിയമ നിർവഹണം
- നീതിന്യായം
- മാധ്യമങ്ങൾ

**ജനാധിപത്യത്തിന്റെ നാല് തൂണുകൾ എന്നറിയപ്പെടുന്നു.**

## പത്രത്തെക്കുറിച്ച് പ്രമുഖരുടെ അഭിപ്രായങ്ങൾ

- ബയണറ്റിനെക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ് - നെപ്പോളിയൻ
- പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക ഭരണമില്ലാത്ത പത്രമുള്ള അവസ്ഥയെയാണ് - ജഫേഴ്സൺ
- സാഹിത്യം വായിക്കപ്പെടുന്നില്ല. പത്രം വായിക്കാൻ കൊള്ളുകയുമില്ല - ഓസ്ക്കാർ വൈൽഡ്
- മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർ പത്രപ്രവർത്തകരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും മേലെ ശസ്ത്രക്രിയ നടത്തി പരീക്ഷിക്കട്ടെ - ഇബ്സൻ
- പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ് - സാമുവൽ ബട്ട്ലർ
- പത്രങ്ങൾ വായിക്കുന്നത് അതൊരു ദു:ശ്ശീലമായിതീർന്നതുകൊണ്ടാണ് - സുകുമാർ അഴീക്കോട്

## പത്രപ്രവർത്തനത്തെക്കുറിച്ച് പ്രമുഖരുടെ അഭിപ്രായങ്ങൾ

- പണ്ട് പത്രപ്രവർത്തകർ മിഷനറിമാരായിരുന്നു; ഇന്നവർ മെൽസിനറിമാരാണ് - രാംനാഥ് ഗോയങ്ക
- പത്രപ്രവർത്തനം ഒരു കലയാണ്; സേവനമാണ്; വ്യവസായമാണ്. മറ്റു താല്പര്യങ്ങൾ ആ കലയെ വികലമാക്കാതെ ശ്രദ്ധിക്കേണ്ട ചുമതല എല്ലാ പത്രപ്രവർത്തകർക്കുമുണ്ട് - എൻ. രാമചന്ദ്രൻ
- സുതാര്യമായ ഒരു സിവിൽ സൊസൈറ്റിയിലെ സുതാര്യമായ മാധ്യമപ്രവർത്തനത്തിൽക്കൂടി മാത്രമേ ജനസേവനം സാധ്യമാകുകയുള്ളൂ - ലീലാമേനോൻ

- വാല്മീകിയും മേലധികാരിയും ഒരേ വേദിയിൽ പ്രസംഗിച്ചാൽ വാല്മീകിയ്ക്ക് അരക്കോളവും മേലധികാരിക്ക് രണ്ട് കോളവും എന്ന നിലയിൽ വാർത്ത കൊടുക്കുന്ന കാലമാണിത് - സുകുമാർ അഴീക്കോട്
- വൈകുന്നേരം ഏതു പത്രമോഫീസിന്റെയും പുറംജനാലയ്ക്കടുത്തുള്ള വഴിയിലൂടെ നടന്നുപോകുമ്പോൾ എന്തോ പൊടിക്കുന്ന ഒച്ചകേൾക്കാം... പിറ്റേന്ന് പ്രസിദ്ധീകരിക്കേണ്ട വാർത്തയുണ്ടാക്കാൻ യുവപത്രാധിപന്മാർ വസ്തുതകളെ മേലത്തെ ഹിതമനുസരിച്ച് പൊടിക്കുന്ന ശബ്ദമാണ് നാം കേട്ടത് - സുകുമാർ അഴിക്കോട്.

**പത്രങ്ങൾ എല്ലാറ്റിനെയും വിമർശിക്കുന്നു. എന്നാൽ പത്രങ്ങൾ വേണ്ടത്ര വിമർശിക്കപ്പെടുന്നില്ല - ഇതിനോട് സമാനത പുലർത്തുന്ന അഴീക്കോടിന്റെ ആശയങ്ങൾ.**

- പത്രത്തെ എതിർക്കേണ്ടിവന്നാൽ അതിന് പ്രചാരം വേണമെങ്കിൽ പത്രത്തെ ആശ്രയിക്കണം.
- സൂര്യനു കീഴെയുള്ള എല്ലാത്തിനെയും കുറിച്ച് വൃത്താന്തങ്ങൾ നൽകി അവയെ വിമർശിക്കുന്നു. പക്ഷേ പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല.
- സ്വേച്ഛാധിപതിപോലും പത്രത്തെ ഭയപ്പെടുന്നു.
- ഭരണാധികാരികൾ പത്രത്തെ പീഡിപ്പിക്കുകയും നിരോധിക്കുകയും ചെയ്യുന്നത് ഭയം മൂലമാണ് (ഉദാ: സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ള).
- മാധ്യമങ്ങളുടെ മഹത്തായ ശക്തിയെ ഏവരും ഭയക്കുന്നു.

## പത്രധർമ്മം : മുഖപ്രസംഗം/എഡിറ്റോറിയൽ

**ഉള്ളടക്കം:-** പത്രധർമ്മം, പത്രനീതി, പത്രങ്ങളുടെ കച്ചവട മനോഭാവം, പത്രാധിപരുടെ ആത്മാർത്ഥത, സത്യസന്ധത, വാർത്തകളുടെ നേരായ അവതരണം തലക്കെട്ട്, ശക്തമായ വ്യക്തമായ ഭാഷ, വിഷയാപഗ്രഥനം കൂടാതെ-കാരണങ്ങൾ, പരിഹാരങ്ങൾ, പ്രതികരിക്കുന്നതിനുള്ള പ്രേരണ നൽകുന്നതായിരിക്കണം.

### നല്ല തുടക്കം : ഇങ്ങനെയുമാവാം

- പണ്ട് പത്രപ്രവർത്തകർ മിഷനറിമാരായിരുന്നു. ഇന്നവർ മെൻസിനറിമാരാണ് (കൂലിപ്പട്ടാളക്കാർ)-രാംനാഥ് ഗോയങ്ക
- സുതാര്യമായ ഒരു സിവിൽ (സാധാരണ പൗരന്മാർ ഉൾപ്പെടുന്ന) സൊസൈറ്റിയിലെ സുതാര്യമായ മാധ്യമപ്രവർത്തനത്തിൽ കൂടി മാത്രമേ ജനസേവനം സാധ്യമാവുകയുള്ളൂ-ലീലാമേനോൻ.

### വിഷയവുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ ഇങ്ങനെ അവതരിപ്പിക്കാം

പത്രങ്ങൾ പൗരന്റെ കാവലാളാവുന്നു. പത്രങ്ങൾ ജനാധിപത്യ രാഷ്ട്രത്തിന്റെ ജിഹ്വ. പത്രം സാധാരണക്കാരന്റെ പക്ഷത്ത് നിൽക്കണം. സത്യസന്ധതയുടെയും നിസ്വാർത്ഥതയുടെയും മുഖമുദ്രയാവണം. പത്രങ്ങളുടെ കച്ചവട മനോഭാവം അവസാനിപ്പിക്കണം. വൻലാഭം കൊയ്യുന്ന ബിസിനസ് സംരംഭമായി പത്രം മാറരുത്. പത്രാധിപരുടെ ആത്മാർത്ഥത, സത്യസന്ധത, ജീവിതവീക്ഷണം എന്നിവ വളരെ പ്രധാനം. പത്രമുതലാളിമാരുടെ സങ്കുചിത താല്പര്യങ്ങൾക്ക് വിധേയമാവാതിരിക്കാൻ

ഓരോ പത്രപ്രവർത്തകനും ശ്രദ്ധിക്കണം. രാഷ്ട്രീയ വാർത്തകൾ, കോടതി വാർത്തകൾ എന്നിവയിൽ വെള്ളം ചേർക്കരുത്. പെയ്ഡ് ജേർണലിസത്തിന് (Paid Journalism) വശംവദരാകരുത്.

## വിലയിരുത്തൽ കുറിപ്പ്

**റിങ്ടോൺ - കവിത - എൽ. തോമസ്കുട്ടി**

- റിങ്ടോൺ എന്ന കവിത ആധുനികകാലത്ത് നവമാധ്യമങ്ങൾ (സെൽഫോൺ, സോഷ്യൽമീഡിയ) സമൂഹത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് പറഞ്ഞുതരുന്നു.
- ചാക്കുണ്ണിയെ റേഡിയോ സ്വാധീനിച്ചപോലെ മൊബൈൽഫോൺ ഇന്നത്തെ സമൂഹത്തെ സ്വാധീനിച്ചിരിക്കുന്നു.
- റിങ്ടോൺ നിത്യജീവിതത്തിന്റെ ഭാഗമായി, എവിടെയായാലും ഫോണിന്റെ റിങ്ടോൺ തിരിച്ചറിയുന്നു.
- കിളിനാദം റിങ്ടോൺ ആയി മാറുന്നു (ചുറ്റുപാടുമായി ബന്ധമില്ലാതെ പോകുന്ന സമൂഹത്തിന്റെ സൂചനയും).
- മനുഷ്യനുണ്ടായ മാറ്റം ചുറ്റുപാടുകളെയും സ്വാധീനിക്കുന്നു/മാറ്റുന്നു.
- മാധ്യമങ്ങൾ നിത്യജീവിതത്തെ ബാധിക്കുന്നു/സ്വാധീനിക്കുന്നു.
- ഇക്കാലത്ത് തിരിച്ചറിയപ്പെടാൻ പുതിയ ലോകത്തിന്റെ പ്രവണതകൾ സ്വീകരിച്ചേ മതിയാകൂ.

## മാധ്യമങ്ങളുടെ സ്വാധീനം ജീവിതത്തിൽ

- കത്ത്, റേഡിയോ, പത്രം, ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ/സെൽഫോണുകൾ.
- ഉദയഗീതം കേട്ടുണരുന്ന പ്രഭാതങ്ങൾ
- നിത്യജീവിതത്തിന്റെ ഭാഗമായ പോസ്റ്റുമാൻ
- പത്രമില്ലെങ്കിൽ/നെറ്റ് ഇല്ലെങ്കിൽ അസ്വസ്ഥമാകുന്ന പകലുകൾ
- പുരാണ സീരിയലുകളും ലോകകപ്പ് ഫുട്ബോൾ മത്സരങ്ങളും സൃഷ്ടിച്ച അയൽകൂട്ടങ്ങൾ- സൗഹൃദങ്ങൾ-ആഹ്ലാദങ്ങൾ
- വിവാഹാലോചനകൾ മുതൽ ക്ഷണകത്തുകൾ വരെ ഷെയർചെയ്യപ്പെടുന്ന മൊബൈൽ ആപ്ലിക്കേഷനുകൾ(ഫെയ്സ്ബുക്ക്,വാട്സാപ്പ്, ട്വിറ്റർ,ടെലഗ്രാം ഇൻസ്റ്റർഗ്രാം)

## നവമാധ്യമങ്ങൾ സ്വാധീനം ചെലുത്തുന്ന രംഗങ്ങൾ

## സാമൂഹ്യതലം

- സേവനം, രക്തദാനം,അവയവദാനം, മറ്റു സാമൂഹ്യ പ്രവർത്തനങ്ങൾ,
- കച്ചവടം- വിവിധ കച്ചവടസാധ്യതകൾ, റിയൽഎസ്റ്റേറ്റ്, ഓൺലൈൻ വാങ്ങൽ, കൊടുക്കൽ, ഷെയർമാർക്കറ്റ്, ആഗോളവൽക്കരണം,
- ഉപഭോഗ സംസ്കാരം- വാങ്ങുക, ഉപയോഗിക്കുക, വലിച്ചെറിയുക
- പ്രളയം- ദുരിതാശ്വാസ പ്രവർത്തനങ്ങൾ, നെറ്റ് ബാങ്കിംഗ്
- വിവര വിനിമയം- വിദ്യാഭ്യാസ വാർത്തകൾ, ചിത്രങ്ങൾ, വീഡിയോ, ദേശീയം,വിദേശീയം,വാർത്തകൾ, പഠന സാമഗ്രികൾ, ചിന്തകൾ, എഡിറ്റോറിയൽ,

സന്ദേശങ്ങൾ, കാർട്ടൂൺ, പഠനസഹായികൾ, ബ്ലോഗ് എഴുത്തുകൾ, സാഹിത്യസൃഷ്ടികൾ ഓൺലൈൻ എഡിഷൻ, അറിവ്, അന്വേഷണം, ഗൂഗിൾ പേ, അലക്സാ(Alexa) വെർച്ച്വൽ പേഴ്സണൽ അസിസ്റ്റന്റ്, ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് (നിർമിത ബുദ്ധി)

## സാംസ്കാരികം

കലാസാംസ്കാരിക കൈമാറ്റം, നാട്ടുവിശേഷങ്ങൾ, ദേശപെരുമ, ചരിത്രം, ഉത്സവങ്ങൾ, പൂരങ്ങൾ, സാഹിത്യകൂട്ടായ്മകൾ, കഥകൾ, കവിതകൾ, നിരൂപണങ്ങൾ, ആസ്വാദനം, ലേഖനങ്ങൾ, വായന സംസ്കാരം വളർത്തൽ, ഇ-വായന, മതേതര കാഴ്ചപ്പാട്, സ്ത്രീമാധ്യമപ്രാപ്തി, മൂല്യച്യുതികളും (അശ്ലീല (Porn) സൈറ്റുകൾ).

## വൈകാരികം

സ്നേഹ സൗഹൃദങ്ങൾ, കുട്ടികൂട്ടായ്മകൾ, പൂർവ്വ വിദ്യാർത്ഥി/അധ്യാപക കൂട്ടായ്മകൾ, സോഷ്യൽമീഡിയ വാട്സാപ്പ് ഗ്രൂപ്പുകൾ, മതം മൗലികത, സ്വാതന്ത്ര്യം, മാനുഷിക മൂല്യങ്ങൾ,വ്യാജ പൊതുമണ്ഡലം, വർഗ്ഗീയത, ഭരണകൂട ഇടപെടൽ, അധിനിവേശം, കുത്തകവൽക്കരണം, ബോധവൽക്കരണം, ആൾദൈവങ്ങൾ, ക്രിക്കറ്റ്/ സ്പോർട്സ്,താരവിവാഹം, സമ്മാന പദ്ധതി (ഉദാ: കോടിപതി പ്രോഗ്രാം), വീഡിയോ ഗെയിം, സെൻസേഷണൽ വാർത്തകൾ, ബ്രേക്കിംഗ് ന്യൂസ്, പാർശ്വവൽക്കരണം, ദലിത്-സ്ത്രീപീഡനങ്ങൾ- സ്വകാര്യത ഹനിക്കൽ, വ്യക്തിഗത ആഘോഷങ്ങൾ (സെൽഫി) കൂട്ടിച്ചേരൽ, കുടുംബബന്ധങ്ങൾ- അനുഭവം പങ്കുവെക്കൽ, ജീവിതം പടർത്തുന്ന വേരുകൾ.

**മാധ്യമ സാക്ഷരത-** കാലത്തിനനുസരിച്ച് ഇടപെടൽ വേണം Occupy cyber space- തള്ളേണ്ടത് തള്ളുക, കൊള്ളേണ്ടത് കൊള്ളുക, ഗുണവശങ്ങളോടൊപ്പം ദോഷവശങ്ങളും ഉൾകൊള്ളുക.

## ഉപന്യാസ വിഷയങ്ങൾ

- ആധുനിക കാലത്ത് നവ മാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം
- വിദ്യാർത്ഥികളും നവ മാധ്യമങ്ങളും
- മാധ്യമങ്ങൾ/നവ മാധ്യമങ്ങൾ അനുഗ്രഹമോ, ശാപമോ?
- നവമാധ്യമങ്ങൾ- ഇന്റർനെറ്റിലെ തമോഗർത്തങ്ങൾ




തയ്യാറാക്കിയത്:

**സുരേഷ് അരീക്കോട്** (ഫോൺ: 9562521509)
എച്ച്.എസ്.ടി (മലയാളം)
ഗവ: എച്ച്.എസ്.എസ് ഉഗ്രപുരം,
അരീക്കോട്, മലപ്പുറം

# അമ്മയുടെ എഴുത്തുകൾ : മധുസൂദനൻ നായർ.

***മധുസൂദനൻ നായർ:*** 1950 ൽ നെയ്യാറ്റിൻകരയിൽ ജനിച്ചു. സംഗീതാത്മകമായ ഭാവഗീത ശൈലിയിൽ നവകാൽപ്പനികതയ്ക്ക് പ്രചാരം നൽകിയ കവി. കോളേജ് അധ്യാപകനായിരുന്നു
സാഹിത്യ അക്കാദമി അവാർഡ് നേടിയിട്ടുണ്ട്.

***കൃതികൾ :*** നാറാണത്തു ഭ്രാന്തൻ,ഗാന്ധർവം, അച്ഛൻ പിറന്ന വീട്.

*അകത്തും പുറത്തും ആർദ്രത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക ജീവിതത്തിൽ എഴുത്തിലൂടെ അത് പുനഃസൃഷ്ടിക്കാൻ ശ്രമിക്കുന്ന കവി.*
*പുരാവൃത്തങ്ങളിലൂടെയും ഓർമ്മകളിലൂടെയും സംസ്കാര മുദ്രകളിലൂടെയും നന്മയുടെ നനവ് നേടിയുള്ള കൊണ്ടിരിക്കുന്ന യാത്രയാണ് അദ്ദേഹത്തിന്റെ കവിതകൾ.*

നഗരജീവിതത്തിനിടയിൽ കവി കണ്ടെത്തുന്ന അമ്മയുടെ എഴുത്തുകളാണ് ഈ കവിതയുടെ പ്രമേയം. വീട്ടിന് മോടികൂട്ടുന്നതിന്റെ ഭാഗമായി ചില്ലുപെട്ടികളിൽ പട്ടണക്കാപ്പുകൾ നിറയുമ്പോൾ അമ്മ അയച്ച പഴയ കത്തുകൾ ചായ്പിലെ കാൽപ്പെട്ടിയിലേക്ക് ഒതുക്കേണ്ടി വന്നു.

ജീവിതചിത്രങ്ങൾ കവിയുടെ ഓർമയിലേക്ക് കടന്നു വരുന്നു.
എല്ലാം ചിത്രങ്ങളിലും അമ്മയാണ് നിറയുന്നത്- അമ്മയുടെ മൊഴി, കരുതൽ, അമ്മയുടെ വാത്സല്യം എന്നിങ്ങനെ എഴുത്തെല്ലാം അമ്മയായിരുന്നു.

എന്നാൽ നവീനവും കലീനവുമായ ശാഠ്യത്തിന് മുന്നിൽകവി തോറ്റുപോകുന്നു. ജീവിതത്തിലും ഭാഷയിലും അധിനിവേശത്തിന്റെ യുക്തികൾ തന്ത്രപരമായാണ് പ്രവർത്തിക്കുന്നതെന്ന് കാട്ടിത്തരുന്ന സന്ദർഭമാണിത്.

ആധുനിക ശൈലിയുടെ തടവറയിലാകുമ്പോഴും പുതുതലമുറയുടെ പാരമ്പര്യബോധത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന കവിഹൃദയത്തിന്റെ തേങ്ങലിലാണ് കവിത സമാപിക്കുന്നത്. കത്ത് എന്ന വ്യഹഹാരരൂപം വിവിധ മാനങ്ങളുള്ള കാവ്യപ്രമേയമായി മാറുന്നതെങ്ങനെയെന്നും മാതാവിനെയും മാതൃഭാഷയേയും സ്നേഹപൂർവം സംരക്ഷിക്കാനുള്ള മനോഭാവം രൂപപ്പെടാനും "അമ്മയുടെ എഴുത്തുകൾ" സഹായകമാകുന്നു.

## *എഴുത്ത് പകരുന്ന അനുഭവങ്ങൾ*

- എത്ര കൌതുഹലം, നോക്കിയാൽ.................നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ അമ്മ പകർന്നുതന്ന(മലയാളവും) നാട്ടുപുരാണങ്ങൾ,വീട്ടുവഴക്കുകൾ, ഉത്സവകാര്യങ്ങൾ, കൃഷി മരുന്നു കുറിപ്പുകൾ -കത്തുകൾ കവിയോട് മിണ്ടുന്നത്)
- വാത്സല്യം, ഉത്കണ്ഠ,ഉപദേശം (കത്ത് കവിയിലുണ്ടാക്കിയ വൈകാരികാനുഭവം)
- നാദമായും തേനായും , സ്പന്ദനമായും അനുഭവപ്പെടുന്നു.
  [അമ്മയിൽനിന്നുള്ള സന്ദേശങ്ങൾ ഗർഭസ്ഥ ശിശുവിന് നാഭിയിലെ ചലനമായും നവജാത ശിശുവിന് നാവിൽ പുരട്ടിയ തേനായുംപിന്നീട് വാത്സല്യ മൊഴികളായും പകർന്നുകിട്ടുന്നു.അതിന്റെ തുടർച്ചയാണീ കത്തുകൾ.]
- അമ്മ കെടാവിളക്കായി കവിയുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു.
- നഗരജീവിതത്തിന്റെ പുതുവഴികളിൽ കവിക്ക് കണ്ണി ചേരേണ്ടിവരുന്നു.

[നഗരജീവിതത്തിന്റെ തിരക്കുകൾക്കിടയിലും അമ്മയുടെ എഴുത്തുകൾ നാദമായി നാവിലെ തേനായി നാഭിയിലെ സ്പന്ദനമായി മാറുന്നു.ദാമ്പത്യജീവിതത്തിന്റെ കടന്നുവരവോടെ പോയകാലത്തിന്റെ മധുരങ്ങളെല്ലാം മറക്കാൻ ശീലിച്ചെങ്കിലും അമ്മ ഓർമ്മകളായും മധുരസംഗീതമായും കവിയുടെ മനസ്സിൽ നിലനിൽക്കുന്നു]

- ജീവിതത്തിലുടനീളംകവിക്ക് കാവലാളായി അമ്മ പിൻപേ പറക്കുന്നു.

- **പ്രയോഗഭംഗി: അമ്മ കവിക്ക് അടർത്തി മാറ്റാൻ കഴിയാത്ത കാവലാൾ.**
  **ബിംബ കല്പനകൾ**

- **അമ്മതൻ ചിന്മുദ്രയാണിയെഴുത്തുകൾ**-(അമ്മയുടെ മനസ്സിന്റെ അടയാളമാണ്)
- **നാവിലെത്തേനായി** -ഗർഭകാലം മുതൽ ജീവിതാന്ത്യം വരെയുള്ള അമ്മയുടെനിരന്തരമായ കരുതൽ.
- **ഉള്ളെഴുത്തുകൾ:** ഉള്ളിലെ ഉൺമയാണ് ഉള്ളെഴുത്ത്. ഹൃദയങ്ങൾ തമ്മിലുള്ള വിനിമയം.
- **നാഭിയിലെ സ്പന്ദനവും ആതിഥ്യശാലയിലെ ആദിമസംഗീതവും**
  ബാഹ്യമായി അമ്മയിൽനിന്ന് എത്രയകന്നാലും ആന്തരികമായി ആ ബന്ധം സുദൃഢമാണ്
- **ജീവിതത്തിലുടനീളംകവിക്ക് കാവലാളായി അമ്മ പിൻപേ പറക്കുന്നു.**
  അമ്മയുടെ സ്നേഹത്തിന് പകരമല്ല സമ്പാദ്യങ്ങളൊന്നും
- **രക്തത്തിലെ ചൂടായി നിൽക്കുന്ന നന്മയും താളവും**
  അവാച്യമാണ് മാതൃസ്നേഹം, അത് വിവരിക്കാൻ കാവ്യഭാഷ തന്നെ വേണം.

താഴ്മൊഴി,തായ്മനസ്സ് ,തായ്ചൊല്ല് - ***അമ്മ മാത്രമല്ല മാതൃഭാഷയും കവിതയുടെ പ്രമേയമാണ് ?***

- ഓരോന്നിനോരോ മൊഴിച്ചന്തം , നേരിന്റെ ഈണവും താളവുമിമ്പവും തൊട്ടുവായിക്കൽ നാവിലുതിർക്കുന്ന ചൊല്ലുകൾ എന്നിവ മാതൃഭാഷയെക്കൂടി സൂചിപ്പിക്കുന്നു.
- സംസ്കാരവും  വിജ്ഞാനവും അമ്മ വാത്സല്യത്തോടെ അതേ ഉള്ളിണക്കത്തോടെ പകർന്നു  തരാൻ മാതൃഭാഷയക്ക് മാത്രമേ സാധിക്കൂ
- അമ്മതാൻതന്നേ പകർന്നുതരുമ്പോഴേ
  നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ!
  ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
- മേതൊരു കാവ്യവുമേതൊരാൾക്കും
  ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
  വക്ത്രത്തിൽ നിന്നുതാൻ കേൾക്കവേണം -(വള്ളത്തോൾ - എന്റെ ഭാഷ)
- മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
  മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ -(വള്ളത്തോൾ - എന്റെ ഭാഷ)
- അമ്മയിൽനിന്നകലുന്ന കുട്ടി മാതൃഭാഷയിൽനിന്നു കൂടി അകലുന്നു.
  അന്യഭാഷാ സംസ്കാരമാണ് ഇന്ന് ആതിഥ്യശാലയിൽ ശോഭിച്ചിരിക്കുന്നത്

(മാതൃഭാഷയും മാതാവും ഭിന്നമല്ല)

- മുതിരുമ്പോൾ മക്കൾ ചിലപ്പോൾ
  മാതാവിൻ മഹിമ മറക്കും

തളരുമ്പോൾ താനേ വീണ്ടും
തായ്‌വേരിൽ താങ്ങിന് കേഴും
(വി.മധുസൂധനൻ നായർ - സീതായനം)

(മാതാവിന്റെ മഹിമ മറക്കുന്ന,താങ്ങിന് കേഴുന്ന,തലമുറകൾ കഴിയുന്തോറും ബന്ധങ്ങളുടെ ഇഴയടുപ്പങ്ങൾ കുറയുന്നവർ)

- *അമ്മ, മകനും ഭാര്യയും , മക്കൾ എന്നിങ്ങനെ മൂന്ന തലമുറ കവിതയിൽ കടന്ന വരുന്നു.*
- മക്കളെ വാത്സല്യത്തോടെ പരിചരിച്ചും ഉപദേശിച്ചും വളർത്തുന്ന അമ്മ.
- അമ്മയോടുള്ള സ്നേഹം ഉള്ളിലുണ്ടെങ്കിലും അതുൾകൊണ്ട് പ്രവർത്തിക്കാൻ കഴിയാത്ത മക്കൾ
- അമ്മയെ അംഗീകരിക്കാത്ത ഭാര്യ

[കുടുംബ ബന്ധങ്ങളിലെ നന്മകൾ തിരിച്ചറിയാതെ വളരേണ്ടി വരുന്ന കുട്ടികൾക്ക് തലമുറകൾ കഴിയുന്തോറും വൈകാരിക ബന്ധം ശിഥിലമാകുന്നതിന്റെ]

- *അമ്മയില്ലാത്ത വീട്*
  *അമ്മിയില്ലാത്ത വീട്*
  *ഇന്നത്തെ വീടുകൾ*
  *അങ്ങാടി വീടുകൾ*
  - കുഞ്ഞുണ്ണി മാഷ്

- ***ഉപന്യാസം , മാതൃകാചോദ്യങ്ങൾ***

"അമ്മയുടെ എഴുത്തുകൾ" എന്ന കവിത പുതുതലമുറയ്ക്ക് നഷ്ടമാകുന്ന പാരമ്പര്യബോധത്തെ ക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന കവി ഹൃദയത്തിന്റെ തേങ്ങൽ.

- ***അമ്മ തന്നെയാണ് മാതൃഭാഷ*** – ഈ പ്രസ്താവന "അമ്മയുടെ എഴുത്തുകൾ"എന്ന കവിതയിലെ ആശയങ്ങളുമായി എത്രമാത്രം പൊരുത്തപ്പെടുന്നു ?
- ***പ്രയോഗഭംഗി കുറിക്കുക*** – ഓരോന്നിനോരോ മൊഴിച്ചന്തം .
  നിന്നിഷ്ടമാണെന്റെയും - നീ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണ് ?

## ***അമ്മയുടെ എഴുത്തുകൾ – ഒരു നിരീക്ഷണം***

മാതൃഭാഷയുടെ മഹത്വവും മാതൃത്വത്തിന്റെ പ്രാധാന്യവും വ്യക്തമാക്കുന്ന കവിതയാണ് ശ്രീ. വി. മധുസൂദനൻ നായരുടെ 'അമ്മയുടെ എഴുത്തുകൾ'.

അകത്തും പുറത്തും കനിവുനഷ്ടപ്പെടുന്ന ആധുനിക ജീവിതത്തിൽ അതു പുനഃസൃഷ്ടിക്കാൻ ശ്രമിക്കുകയാണ് കവി ചെയ്യുന്നത്.ആധുനിക കാലത്ത് ജീവിതത്തിലും ഭാഷയിലും നടക്കുന്ന അധിനിവേശത്തിന്റെ വഴികൾ തുറന്നുകാണിക്കുകയാണ് 'അമ്മയുടെ എഴുത്തുകളി'ലൂടെ കവി ചെയ്യുന്നത്.

വീടിനു മോടി കൂട്ടുന്നതിനിടയിൽ അലമാരയിൽ അടുക്കിവച്ചിരുന്ന അമ്മയുടെഎഴുത്തുകൾ കവിയിലുണർത്തുന്ന ചിന്തകളാണ് ഈ കവിതയിൽ ആവിഷ്കരിക്കുന്നത്. 'അമ്മയുടെ ചിന്മുദ്രയാണി എഴുത്തുകൾ എന്നാണ് കവി ആ എഴുത്തുകളെക്കുറിച്ച് പറയുന്നത്. 'ചിന്മുദ്ര' ജ്ഞാനമുദ്രയാണ്. ദൈവികമായ അറിവുകളെ സൂചിപ്പിക്കുന്ന മുദ്രയാണത്.അമ്മയ്ക്ക്

തലമുറകളിലൂടെ കൈമാറിക്കിട്ടിയതും അമ്മ ജീവിതാനുഭവങ്ങളിലൂടെ നേടിയതുമായ അറിവുകൾ മുഴുവനും അവർ കത്തുകളിലൂടെ മകന് പകർന്നുകൊടുത്തു.അതുകൊണ്ടാവാം കവി ആ കത്തുകളെ അമ്മതൻ ചിന്മുദ്രകൾ എന്നു വിശേഷിപ്പിച്ചത് .

ആ കത്തുകളെ തന്മകനായിപകർന്ന പാൽമുത്തുകൾ' എന്നും വിശേഷിപ്പിക്കുന്നുണ്ട്. അമ്മ കുഞ്ഞിന് ആരോഗ്യവും ആയുസ്സും ലഭിക്കുന്നതിനുവേണ്ടി മുലപ്പാൽ പകർന്നുകൊടുക്കുന്നതുപോലെ ബുദ്ധിയും മനസ്സും വികസിച്ച് സംസ്കാരം നേടുന്നതിനായി കത്തുകളിലൂടെ അറിവ് പകർന്നുകൊടുക്കുയാണ് ചെയ്യുന്നത്.അമ്മ പകർന്നു കൊടുക്കുന്ന മുലപ്പാലിലൂടെ കുഞ്ഞിന് ശാരീരികമായ ശക്തി പകരുന്നതുപോലെ അമ്മ മാതൃഭാഷയിലൂടെ പകർന്നു കൊടുക്കുന്ന അറിവുകളിലൂടെ കുഞ്ഞ് മാനസികവും ബുദ്ധിപരവുമായ ശക്തിനേടുന്നു.

ആധുനികജീവിതത്തിന്റെ പ്രതിനിധിയായ ഭാര്യയുടെ നിർബന്ധത്തിനുവഴങ്ങി തന്റെ പഴയ ജീവിതത്തിന്റെ സൂക്ഷിപ്പുകളെല്ലാം ചില്ലലമാരയിൽ നിന്നും നീക്കം ചെയ്യാൻ കവി നിർബന്ധിതനാവുന്നു. തനിക്ക് ഏറ്റവും പ്രിയപ്പെട്ടവയായിരുന്ന അമ്മയുടെ എഴുത്തുകളും അക്കൂട്ടത്തിൽ നീക്കം ചെയ്യേണ്ടിവരുന്നു.

പട്ടണത്തിലെ കൌതുകവസ്തുക്കൾകൊണ്ട് ഇന്ന് ആ അലമാരനിറഞ്ഞിരിക്കുന്നു. തിളക്കമാർന്ന അവയ്ക്കിടയിൽ അമ്മയുടെ പഴയ കത്തുകൾക്ക്  സ്ഥാനമില്ല. ഭാര്യയാകട്ടെ ആ കത്തുകളും അവയുടെ ഉള്ളടക്കവും ഇഷ്ടപ്പെടുന്നില്ല. അവ തങ്ങളുടെ കുട്ടികൾ കാണരുതെന്നും അവൾ ആഗ്രഹിക്കുന്നു.

ജീവിതത്തിലെ ചെറിയ അലോസരങ്ങൾ പോലും ഇഷ്ടപ്പെടാത്ത കവി, ഭാര്യയുടെ ഇഷ്ടംതന്നെയാണ് തന്റെയും ഇഷ്ടം എന്ന് അംഗീകരിക്കുന്നു. അമ്മയുടെ എഴുത്തുകളെല്ലാം കാൽപ്പെട്ടിയിലിട്ടടച്ച് വീടിനു പിന്നിലെ ചായ്പ്പില് ഒളിപ്പിക്കാം എന്നു കവി പറയുന്നു. അങ്ങനെയാണെങ്കിൽ അവരുടെ കുട്ടികൾ ഒരിക്കലും ആ കത്തുകൾ കാണുകയില്ലല്ലോ.

തന്റെ കുട്ടികൾ പുതിയ സംസ്കാരവും പുതിയ ഭാഷയും ആർജിച്ച്  ജീവിതത്തിന്റെ ഉയർന്ന തലങ്ങളിൽ വിഹരിക്കണമെന്നാഗ്രഹിക്കുന്നവളാണ് കവിയുടെ ഭാര്യ. അതുകൊണ്ടു തന്നെ അമ്മയുടെ എഴുത്തികളിലെ ഭാഷയും അതു പകർന്നുനൽകുന്ന സംസ്കാരവും തന്റെ കുട്ടികളെ തീണ്ടരുതെന്നും അവർ ആഗ്രഹിക്കുന്നു.

എന്നാൽ തനിക്കീ കത്തുകൾ പകർന്നു നല്കിയ അനുഭവങ്ങൾ കവി വികാരവായ്പ്പോടെ ഓർക്കുന്നു.അവയിൽ ഓരോ കത്തിനും കവിയോട് നിരവധി കാര്യങ്ങൾ പറയുവാനുണ്ട്. ഏറെ കുതുഹലത്തോടെയാണ് അവയിലോരോന്നും അദ്ദേഹം വായിച്ചിരുന്നത്. അവ വെറും കത്തുകളായിരുന്നില്ല.നോക്കിയാൽ മിണ്ടുന്ന ചിത്രലേഖങ്ങളായിരുന്നു. പലവുരുവായിക്കയാൽ ഓരോ കത്തും കാണുമ്പോൾതന്നെ അവയിൽ അമ്മ വരച്ചിട്ടിരിക്കുന്ന ആശയപ്രപഞ്ചം ചിത്രത്തിലെന്നതുപോലെ മനസ്സിൽ തെളിയുമായിരുന്നു.

അമ്മയുടെ സ്നേഹവാത്സല്യങ്ങളും ഉപദേശങ്ങളും മകനെക്കുറിച്ചുള്ള ഉത്കണ്ഠകളും കവി ആ കത്തുകളിലൂടെ അനുഭവിച്ചറിയുന്നു.സാരോപദേശങ്ങളും വേദനയും പ്രാർത്ഥനയും ആ കത്തുകൾ കവിക്കു പകർന്നു നല്കി. നാട്ടിൽനിന്ന് അകലെക്കഴിയുന്ന ആ മകനെ പിറന്നനാടും അതിന്റെ സംസ്കാരവുമായി ബന്ധിപ്പിക്കുന്ന പൊക്കിൾക്കൊടിയായി അമ്മയുടെ കത്തുകൾ മാറി.

നാട്ടുപുരാണങ്ങളും വീട്ടുവഴക്കുകളും ഊട്ടുത്സവങ്ങളും ആ കത്തുകളിലൂടെ കവി എപ്പോഴും അറിഞ്ഞുകൊണ്ടിരുന്നു.വിതപ്പൊലിപ്പാട്ടുകളും നാവേറുമന്ത്രങ്ങളും ആ കത്തുകൾ കവിയുടെ കാതുകളിൽ മന്ത്രിച്ചു.ഓരോ കത്തും ഓരോ നറുക്കിലകളായിരുന്നു.കത്തുകളിലെ ഉള്ളടക്കം പൂവുപോലെ മനോഹരവും സുഗന്ധപൂരിതവുമായിരുന്നു. മകനുണ്ടാകാനിടയുള്ള ചെറിയ ചെറിയ രോഗങ്ങൾക്കുള്ള നാട്ടുചികിത്സയുടെ കുറിപ്പുകളായും പലപ്പോഴും അമ്മയുടെ

കത്തുകൾ മാറി.

അമ്മയുടെ വയറ്റിലായിരുന്നപ്പോൾ തന്റെ ചെവികളിൽ മുഴങ്ങിയ ആദ്യ നാദവും ആ കത്തുകളിലെ നാദവും ഒന്നായിരുന്നു. തന്റെ ആദ്യമൊഴികളിലെ ഭാഷയും ആ കത്തുകളിലെ ഭാഷയും ഒന്നായിരുന്നു. താൻ ആദ്യം കേട്ടതും ആദ്യം മൊഴിഞ്ഞതും പൊക്കിൾക്കൊടിയിലൂടെ അമ്മ പകർന്നുതന്ന മാതൃഭാഷ തന്നെയായിരുന്നുവെന്ന് കവി ഓർമ്മിക്കുന്നു. ആ ഭാഷയുടെ മധുരോദാരമായ ആവിഷ്കാരം തന്നെയാണ് അമ്മയുടെ എഴുത്തുകളും.

അമ്മയുടെ എഴുത്തുകളോരോന്നും വ്യത്യസ്തമായ മൊഴിച്ചന്തമുള്ളവയായിരുന്നു.ഉള്ളടക്കത്തിന്റെ ഭാവത്തിനനുസരിച്ച് ഭാഷയിലും വന്നിരുന്ന മാറ്റമാണിത് സൂചിപ്പിക്കുന്നത്. വികാരാവിഷ്കരണത്തിൽ മാതൃഭാഷയ്ക്കുള്ള സാധ്യതയാണ് കവി ഇവിടെ പരാമർശിക്കുന്നത്. ആ ഭാഷ അമ്മയുടേതായ നേരിന്റെ ഈണവും താളവുമാണ് കവിക്ക് പകർന്ന് നല്കിയത്.

കൃത്രിമത്വലേശമില്ലാത്ത മാതൃഭാഷയുടെ മാധുര്യമാണ് കവി അനുഭവിച്ചറിഞ്ഞത്.എന്നാൽ വർത്തമാനകാലത്ത് കവി കൃത്രിമത്വം നിറഞ്ഞ, ഔപചാരികത നിറഞ്ഞ അന്യഭാഷകളാണ് കേൾക്കുന്നതും മൊഴിയുന്നതും. തന്റെ ഓർമ്മകളെല്ലാം അമ്മയെയും അമ്മയുടെ ഭാഷയെയും ആ ഭാഷ പ്രതിനിധാനം ചെയ്യുന്ന സംസ്കാരത്തേയും ചുറ്റിപ്പറ്റിയുള്ളതാണെന്നും കവി തിരിച്ചറിയുന്നു.

മാതൃഭാഷയുടെയും സംസ്കാരത്തിന്റെയും സന്ദേശവാഹകരായ ആ കത്തുകൾ കുട്ടികൾ കാണാനിടയായാൽ അവർ അശുദ്ധമാകുമെന്ന് കവിയുടെ ഭാര്യ ഭയക്കുന്നു. പഴമയെ പാടേ തള്ളിക്കളയുകയും പുതുമയെ കണ്ണടച്ചാശ്ലേഷിക്കുകയും ചെയ്യുന്ന 'നവീനചിന്താഗതി'ക്കാരിയാണ് ഭാര്യ. മക്കൾ ഇംഗ്ലീഷ് സംസാരിക്കാൻ ***പേറ്*** ഇംഗ്ലണ്ടിലാക്കുന്ന അമ്മമാരുടെ പ്രതിനിധി.

ഭാര്യയുടെ മുമ്പിൽ നിസ്സഹായനായിപ്പോകുന്ന കവി അവളുടെ താല്പര്യങ്ങൾക്കനുസരിച്ച് ജീവിക്കാൻ നിർബന്ധിതനാകുന്നു.മാതൃഭാഷയെയും സംസ്കാരത്തെയും തള്ളിപ്പറയുന്ന അവളുടെ ചിന്താഗതി ***'നവീനവും കുലീനവു'*** മാണെന്ന് അംഗീകരിക്കേണ്ടിവരുന്നു.

വിദേശികളോടും അവരുടെ ഭാഷയോടുമുള്ള മാനസികാടിമത്തത്തിൽനിന്നും മോചനം നേടാത്ത കേരളീയ സമൂഹത്തിനു നേരെയുള്ള പരിഹാസം ഈ വരികളിൽ നിഴലിക്കുന്നുണ്ട്. 'അമ്മയുടേതാമെഴുത്തുകളൊക്കെയും അമ്മയായ്ത്തന്നെ ഒതുങ്ങിയിരിക്കട്ടെ'എന്ന വരികളിൽ അമ്മ മാതൃഭാഷയായി മാറുന്നതും നമുക്കു കാണാം.

വിദേശികളെയും അവരുടെ സംസ്കാരത്തെയും സ്വീകരിക്കാൻ വെമ്പിനില്ക്കുന്ന മലയാളി അവന്റെ അമ്മമലയാളത്തെ വീടിന്റെ പിന്നാമ്പുറത്ത് ഒളിപ്പിക്കുന്നു. ഉമ്മറത്ത് സ്വീകരണമുറിയിൽ വിദേശത്തു നിർമ്മിച്ച അമ്മയുടെ പ്രതിബിംബം പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.വിശിഷ്ടാതിഥികൾ വീട്ടിലെത്തുമ്പോൾ തന്നെ താനാക്കിയ അമ്മയെ പ്രായമായി,രോഗിയായി എന്നൊക്കെപ്പറഞ്ഞ് ഏതെങ്കിലുമൊരു മൂലയിലൊളിപ്പിക്കുന്നതുപോലെയാണ് അന്യഭാഷയെയും സംസ്കാരത്തെയും സ്വീകരിക്കാൻ തയ്യാറായി നില്ക്കുന്ന മലയാളി മാതൃഭാഷയെയും തനതു സംസ്കാരത്തെയും ഒളിപ്പിക്കുന്നത്.

അമ്മയുമായുള്ള പൊക്കിൾക്കൊടി ബന്ധം ഉപേക്ഷിച്ച് ഭാര്യയുടെ മനസ്സിൽ - പ്രവേശിച്ചപ്പോൾ മുതൽ കവിയ്ക്ക് പഴയകാലത്തിന്റെ മധുരമോർത്ത് കൊതിയൂറുന്ന ശീലം നഷ്ടമായി. ഇവിടെ അമ്മ കവിയുടെ മാതൃസംസ്കാരവും പൊക്കിൾക്കൊടി ആ സംസ്കാരത്തെ കവിയിൽ നിറയ്ക്കുന്ന ഭാഷയുമാണ്. ഇവ രണ്ടും നഷ്ടമായ കവിയ്ക്ക് തന്റെ വ്യക്തിത്വം തന്നെ നഷ്ടമാകുന്നു. എങ്കിലും ഒരോർമ്മയായി, ഇടയ്ക്കിടെ മനസ്സിൽ മൂളുന്ന ആദിമ സംഗീതമായി അമ്മ ഇന്നും കവിയിൽ കുടിയിരിക്കുന്നു.

അമ്മ ഒരോർമ്മയാണ്.പുത്തൻ പ്രകാശങ്ങൾ ജന്മമെടുക്കുന്ന പ്രാചീന വനനീലിമയിൽ മങ്ങിയമർന്നു പോയ ഒരോർമ്മ. കവിയെ പ്രലോഭിപ്പിക്കുന്ന കവിയുടെ കണ്ണുകളെ മഞ്ഞളിപ്പിക്കുന്ന ആധുനികകാലത്തിന്റെ പ്രലോഭനങ്ങളാണ് "പുത്തൻ പ്രകാശങ്ങൾ ". അവ മുമ്പിൽ ജ്വലിച്ചു നില്ക്കുമ്പോഴും പണ്ടെങ്ങോ കത്തിയമർന്ന ഒരോർമ്മയായി അമ്മ മനസ്സിൽ കുടികൊള്ളുന്നു.

അമ്മയെ നാം ഇടയ്ക്കിടെ ഓർത്താലും ഒരിക്കൽപ്പോലും ഓർത്തില്ലെങ്കിലും നമ്മോടൊപ്പം നമ്മുടെ പിന്നിൽ എപ്പോഴും താങ്ങായി, തണലായി,കാവലായി പറന്നെത്തുന്ന കുളിർമ്മയാണ് അമ്മ എന്നു കവി തിരിച്ചറിയുന്നു. ഓരോ മനുഷ്യനിലെയും ചോരയുടെ ചൂടായി നില്ക്കുന്ന നന്മയും താളവും അമ്മയെക്കുറിച്ചുള്ള ഓർമ്മകളാണ് .രക്തത്തിന്റെ ചൂട് ഇല്ലാതെയായാൽ മനുഷ്യന് ജീവിതമില്ല. അമ്മയെക്കുറിച്ചുള്ള ഓർമ്മ ഇല്ലാതായാലും അതു തന്നെയാണവസ്ഥ.മാതൃഭാഷ നഷ്ടപ്പെടുന്ന മനുഷ്യന് അവന്റെ അസ്തിത്വമാണ് നഷ്ടപ്പെടുന്നത്.

മനുഷ്യന് ഏതൊക്കെ ഭാഷ പഠിച്ചാലും സംസ്കാരം സ്വായത്തമാക്കിയാലുംഅവന്റെയുള്ളിൽ മാതാവും മാതൃഭാഷയും തനതുസംസ്കാരവും എല്ലാക്കാലവും നിലകൊള്ളും. പൊക്കിൾക്കൊടിയിലൂടെ വളർന്ന ആ ബന്ധം ഒരിക്കലും മുറിച്ചുമാറ്റാൻ കഴിയില്ല. അതു കൊണ്ട് അമ്മ അമ്മയായും മാതൃഭാഷ മാതൃഭാഷയായും നിലനില്ക്കട്ടെ. പരിഷ്കാരിയായ ഭാര്യക്കുവേണ്ടി അമ്മയെയും പരിഷ്കാരത്തിന്റെ ഭാഷയെന്നു കരുതുന്ന ഇംഗ്ലീഷിനുവേണ്ടി മാതൃഭാഷയെയും മനുഷ്യൻ ഉപേക്ഷിക്കാതിരിക്കട്ടെ എന്നാണ് കവി ആഗ്രഹിക്കുന്നത്.

മാഞ്ഞുകൊണ്ടിരിക്കുന്ന ഈ എഴുത്തുകൾ ഇന്നാരാണ് വായിക്കുക?ആരുടെ നാവിലാണ് ഇനി ഈ ചൊല്ലുകൾ ഉയർത്തെഴുന്നേല്ക്കുക? ഇനിവരുന്ന തലമുറ ഒരു പക്ഷേ തങ്ങൾ ആരുടെ കുട്ടികളെന്നു സംശയിച്ചേക്കാം. ആരാണ് തങ്ങളെ നൊന്തുപെറ്റതെന്ന് അവർ അത്ഭുതപ്പെട്ടേക്കാം. സംസ്കാരത്തിന്റെ കണ്ണികൾ അറ്റുപോകുന്ന പുതുതലമുറയ്ക്കു സംഭവിച്ചേക്കാവുന്ന ദുരവസ്ഥ കവി മുൻകൂട്ടിക്കാണുകയാണ്.

തായ്മൊഴിയുടെ ഈണം എങ്ങനെയാണ്? തായ്മൊഴി നാവെടുത്തോതുന്നതെങ്ങനെ? തായ്മൊഴിയിൽ ചിന്തിക്കുന്നതെങ്ങനെ?തായ്മനസ്സിന്റെ തുടിപ്പുകളെങ്ങനെയാണ്?താരാട്ടിലോലുന്ന മാധുര്യമെങ്ങനെയാണ് ? താൻ തന്നെ വന്നു പിറന്നതെങ്ങനെയാണ്?ഇങ്ങനെ നൂറുനൂറു ചോദ്യങ്ങൾ പുതുതലമുറയുടെ ഉള്ളിൽ ഉദിച്ചേക്കാം. കാരണം വേരറ്റ ഒരു തലമുറയെയാണ് നാം വളർത്തിക്കൊണ്ടുവരുന്നത്. അമ്മയെയും അമ്മ മലയാളത്തെയും കേരളീയത്തനിമയെയും അകറ്റിനിർത്തി പുത്തൻ പരിഷ്കാരത്തിന്റെ ലോകത്തേയ്ക്ക് അവരെ അയയ്ക്കാനുള്ള തത്രപ്പാടിലാണ് എല്ലാ മലയാളി മാതാപിതാക്കളും. കവിയുടെ തലമുറയിലുള്ളവരുടെ ഓർമ്മലെങ്കിലും തായയും തായ്മൊഴിയും തങ്ങിനില്ക്കുന്നുണ്ട്. ഇനിവരുന്ന തലമുറയ്ക്ക് ഓർമ്മിക്കാൻ പോലും ഒരു മാതാവോ മാതൃഭാഷയോ വേണ്ടിവരികയില്ലെന്ന് കവി വ്യാകുലപ്പെടുന്നു.

നിരവധി സംസ്കാരങ്ങളും അവയെ പ്രതിനിധാനം ചെയ്യുന്ന ഭാഷകളും ഇന്ന് ലോകത്തുനിന്നും ദിനം പ്രതി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ് .അതിലൊന്നായി നമ്മുടെ മലയാളവും മലയാളത്തവും മാറുമോ എന്ന ആശങ്ക കവിതയുടെ അവസാനഭാഗത്ത് നിറഞ്ഞുനില്ക്കുന്നു. മാതൃഭാഷയെ അറിയാനും ആസ്വദിക്കാനും സ്നേഹിക്കാനും വരും തലമുറകൾക്കു കൈമാറുവാനും ആരുമില്ലാതാവുന്ന അവസ്ഥ കവിയെ വിഹ്വലതയിലാഴ്ത്തുന്നു.

---

*SURESH AREEKODE,HST ,AREEKODE ,UGRAPURAM, MALAPPURAM PH:9562521509*
*VISIT MY YOUTUBE mukulam malayalam FOR 10th AT and BT VIDEO LESSONS &PDF NOTES*